

# സെന്റ് മൈക്കിൾസ് ഹൈസ്ക്കൂൾ

# തത്തംപള്ളി

# ജാലകം

## ഡിജിറ്റൽ മാഗസിൻ

2018 - 2019

*സെന്റ് മൈക്കിൾസ് ഹൈസ്കൂൾ , തത്തംപള്ളി*

## ഒരു *ലിറ്റിൽ കൈറ്റ്സ്* സംരംഭം



# സന്ദേശം

**ഫാ. റോജി വി. മാത്യു**
ഹെഡ്മാസ്റ്റർ

വിദ്യാഭ്യാസമേഖല നിരന്തരമായ പരിവർത്തനത്തിന് വിധേയമായി കൊണ്ടിരിക്കുകയണ്. നമ്മുടെ ക്ലാസ്സ്മുറികൾ ഹൈടെക് സ്മാർട്ട്ക്ലാസ്സുകൾ ആയി മാറികഴിഞ്ഞു. കേവലം പാഠപുസ്തകങ്ങളിലെ പാഠഭാഗങ്ങൾ കാണാതെ പഠിക്കുന്നതിനു പകരം വിജ്ഞാന വിസ്ഫോടനത്തിന്റെ ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഐ.ടി. അധിഷ്ഠിത പഠനം ക്ലാസ്സ് മുറികളെ കൂടുതൽ ആകർഷകമാക്കുന്നു. സ്മാർട്ട്ക്ലാസ്സ് സംവിധാനം കുട്ടികൾക്ക് പഠനം ആസ്വാദ്യമാക്കുന്നതിനും അധ്യാപകർക്ക് അധ്യയനം ലളിതമാക്കുന്നതിനും സഹായകമാണ്.

പാഠഭാഗങ്ങൾ കേവലം വാക്കുകളിൽ നിന്ന് നേർക്കാഴ്ച്ചകളിലേക്ക് വഴിമാറിയിരിക്കുന്നു. അധികവിഭവങ്ങളുടെ സമാഹരണത്തിനും ഐ.ടി. അധിഷ്ഠിത പഠനം സഹായകമാകുന്നു.

ഐ.ടി. മേഖലയിൽ അഭിരുചിയുള്ള കുട്ടികൾക്ക് പ്രചോദനവും സഹായവും നൽകുക എന്ന ലക്ഷ്യത്തോടെ രൂപികരിച്ച "ലിറ്റിൽ കൈറ്റ്സ് "എന്ന വിദ്യാർത്ഥി കൂട്ടായ്മ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. കുട്ടികളുടെ കഴിവുകൾ വളർത്തുന്നതിനും വിദ്യാഭ്യാസ മേഖലയിൽ ഉപയോഗിക്കുന്നതിനും ലിറ്റിൽ കൈറ്റ്സ് ഗുണകരമാണ്. സർക്കാർ തുറന്നു തരുന്ന അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുവാൻ കുട്ടികൾക്ക് സാധിക്കണം. നിങ്ങളുടെ ചിന്തകളോടൊപ്പം ഭാവനയും ചിറക് വിടർത്തട്ടെ.

# എഡിറ്റോറിയൽ

പാഠപുസ്തകത്തിലെ കേവലമായ അറിവുകൾക്കപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള ഒരു വിദ്യാഭ്യാസപ്രക്രിയ രൂപപ്പെട്ടുവന്നിരിക്കുന്ന കാലഘട്ടമാണിത്. വിവരസാങ്കേതികവിദ്യയ്ക്ക് ഈ പ്രക്രിയയിൽ വലിയ പങ്കുവഹിക്കാൻ സാധിക്കും. പ്രസ്തുത സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ അഭിരുചിയുള്ള ഒരു തലമുറയെ രൂപപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ 'ലിറ്റിൽകൈറ്റ്സ്' എന്ന ഐ.ടി. കൂട്ടായ്മ രൂപികരിച്ചിരിക്കുന്നത് ഏറെ ഗുണകരമാണ്.

പുതുതലമുറയുടെ സർഗാത്മകമായ വാസനകളെ ഗുണപരമായ രീതിയിൽ പുറത്തു കൊണ്ടുവരാൻ നമ്മൾ ഒരു മാഗസിൻ തയ്യാറാക്കുന്നു. എഴുത്തിനോട് താല്പര്യമുള്ള കുട്ടികൾ തങ്ങളുടെ രചനകൾ ലിറ്റിൽ കൈറ്റ്സിന് കൈമാറുമ്പോൾ അവരുടെ രചനകൾ ഹൈടെക് പദ്ധതിയിലൂടെ വെളിച്ചം കാണുന്നു.

സാങ്കേതികവിദ്യയുടെ നൂതന ലോകത്തിലേക്ക് നമ്മുടെ വിദ്യാർത്ഥികളെ കൈപിടിച്ചുയർത്താൻ നമ്മുടെ കുട്ടികൾക്ക് കൊടുക്കാവുന്ന ഏറ്റവും നല്ല ഒരു പ്രവർത്തനമാണിത്. സാങ്കേതികവിദ്യയിൽ അഭിരുചി വർദ്ധിക്കുന്നതോടൊപ്പം സാഹിത്യവാസനകൾ വളർത്താനും ഉതകുന്ന ഈ നല്ല പദ്ധതിയിൽ പങ്കാളികളായ ഓരോരുത്തരേയും ഈ അവസരത്തിൽ സ്മരിക്കുന്നു......

# ജാലകത്തിലൂടെ..........


അച്ഛന്റെ സ്വപ്നം........................................................6
പൂവ്.........................................................................7
പ്രളയം അതിജീവിച്ച കേരളം..........................................8
'ആലപ്പുഴ' യെന്ന എന്റെ സ്വന്തം നാട്................................9
വിശ്വസിക്കൂ......നിങ്ങൾ അതിജീവിക്കും..............................10
ആ സന്ധ്യാസമയത്ത്.....................................................11
നൊമ്പരപ്പൂക്കൾ.............................................................12
പരിസ്ഥിതി ബോധവും പൗരസമൂഹവും.................................14
വിദ്യാഭ്യാസ സംസ്കൃതിയും നവമാധ്യമങ്ങളും.........................16
പാമ്പും തവളയും...........................................................19
എന്നെ രക്ഷിക്കൂ...........................................................20
പ്രളയ ഭൂമി...................................................................21
Drug Abuse And The Youth..........................................22
നവമാധ്യമസംസ്കാരം......................................................23
തൊഴിലിൽ നന്ദികേട് കാണിച്ചതിന്റെ പ്രതിഫലം....................25
കനലമ്മ.......................................................................27
നവമാധ്യമസംസ്കാരവും
പുതുതലമുറയും.............................................................29
ആ ഭീകരമായ സ്വപ്നം......................................................31
നിഴലാട്ടം....................................................................33
നവകേരളം...................................................................35
ഡൽഹിയിലൂടെ..............................................................36
ജീവിതത്തിലേക്ക് ഒരു കൈത്താങ്ങ്....................................39
കാലത്തിന്റെ പൊയ്മുഖങ്ങൾ...........................................40
On the seashore...........................................................42
രക്തസാക്ഷി..................................................................44
അമ്മ തൻ സ്നേഹം..........................................................46
സുഹൃത്തുക്കൾ...............................................................47
പ്രകൃതി.......................................................................48
മരം ഒരു വരം...............................................................49
പ്രതി..........................................................................50

# അച്ഛൻെറ സ്വപ്നം



## മന്യ എസ്  VIII A

ഒരു വീട്ടിൽ അച്ഛനും അമ്മയും താമസിച്ചിരുന്നു. അവരുടെ ഏക മകളായിരുന്നു അപർണ. അവളെ കഷ്ടതകൾ അറിയിക്കാതെ, പറയുന്നതെന്തും സാധിച്ചു കൊടുത്താണ് അവർ വളർത്തിയത്. ഒരു ദിവസം അവളുടെ അച്ഛന് സുഖമില്ലാതെ അശുപത്രിയിൽ ആയി. അച്ഛന് മാരകമായ അസുഖമാണെന്ന് ഡോക്ടർമാർ പറഞ്ഞു . ഒരിക്കലും പഴയ അവസ്ഥയിലേക്ക് വരുകയില്ലെന്നും. ആ പാവം പെൺകുട്ടിയുടെ മനസ്സ് ഉരുകി. അച്ഛന്റെ സ്വപ്നം താൻ ഒരു ഐ.പി.എസ്. ഓഫീസർ ആകണമെന്നായിരുന്നു.

കുറച്ചു നാളുകൾക്കു ശേഷം അച്ഛൻ മരിച്ചു. അവളുടെ ഹൃദയം വേദനിച്ചു. അമ്മ അവളെ തന്റെ നെഞ്ചോടു ചേർത്ത് പിടിച്ചു. അമ്മയുടെ മനസ്സിലെ വേദന അവൾ അറിഞ്ഞു . അമ്മ വളരെ കഷ്ടപ്പെട്ട് അവളെ വളർത്തി. അവളുടെ സ്വപ്നം തൻെറ അച്ഛൻ അവൾ എന്തായി കാണണമെന്നാണ് ആഗ്രഹിച്ചത്, അത് നിറവേറ്റണമെന്നായിരുന്നു.

ഇതിനിടെ അമ്മയ്ക്കു വയ്യാതെയായി. അവൾക്ക് എന്തു ചെയ്യണമെന്ന് അറിയില്ല. അമ്മയ്ക്ക് തീരെ വയ്യ. ദാരിദ്ര്യത്തിൻെറയും കഷ്ടതയും നിറഞ്ഞ ആ സമയത്ത് അവൾ ചെറിയ ജോലികൾ ചെയ്യാൻ തുടങ്ങി. രാവിലെ പത്രം കൊണ്ടുകൊടുക്കും. അവൾക്ക് ചെയ്യാൻ സാധിക്കുന്ന ജോലി ചെയ്താണ് അവൾ അമ്മയ്ക്ക് ആഹാരം കൊടുത്തത്. അവളുടെ ആവശ്യത്തിനും അമ്മയുടെ ആവശ്യത്തിനും അവൾ ചെറുപ്രായത്തിൽ തന്നെ അധ്വാനിച്ചു കഷ്ട്ടപ്പെടുന്നു. അത് അവളുടെ ജിവിതത്തിലെ ഒരു തുടക്കമാണെന്നു വിശ്വസിച്ചു.

അവൾ തൻെറ ലക്ഷ്യത്തിലേക്ക് തിരിഞ്ഞു. അച്ഛൻെറ ആഗ്രഹം അവൾ സാധിച്ചുകൊടുത്തു. പ്രശസ്തയായ ഒരു ഐ.പി.എസ് ഓഫീസറായി. അധ്വാനം അവളെ കൂടുതൽ ഉയരങ്ങളിലെത്തിച്ചു................

# പൂവ്



**അൽ അമീൻ എസ്.**
**VIII C**

എന്റെ ചിന്തകൾ
കുഞ്ഞിചിറകുകൾ വീശി
ഏതുയരം വരെ പറക്കുന്നുവോ
അവിടെവരെയാണെന്റെ ആകാശം

എൻെറ സ്വപ്നങ്ങൾ തെളിച്ച വഴിയെ
എത്ര ദൂരം വരെ
പാദങ്ങൾ നടന്നെത്തുന്നുവോ
അതുവരെയാണെൻെറ സാമ്രാജ്യം

കാല പ്രവാഹത്തിൽ
പച്ചിലച്ചാർത്തിൽ
നിന്നിറ്റിറ്റു വീഴുന്ന
മഞ്ഞു തുള്ളിയായി
സ്നേഹമെന്നിലെത്ര
ആഴത്തിൽ നിറഞ്ഞൊഴുകി
പരക്കുന്നുവോ
അതാണെൻെറ കടൽ

കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൽ
പ്രതീക്ഷയാം
നിലാവെളിച്ചത്തിൽ
മോഹപ്പൂക്കൾ കാട്ടിയ വഴിയേ
കാലമാം കടലിൽ
ഞാനെന്റെ ജീവിതത്തോണി തുഴയുന്നു.

# പ്രളയം അതിജീവിച്ച കേരളം



ഷിബിൻ ഫിലിപ്പ്
**IX A**

ഒരു ഓണസമയത്ത് വന്ന ദുരന്തം കേരളത്തെ മുഴുവനും നശിപ്പിച്ചു. ആൾക്കാരുടെവീടും സ്ഥാപനങ്ങളും എല്ലാം പ്രളയം നശിപ്പിച്ചു. കേരളം മുഴുവൻ പ്രളയ ദുരന്തത്തെ ഭയന്നു. എല്ലാ സ്ഥാപനങ്ങളിലും വെള്ളപ്പൊക്കമായിരുന്നു. കുട്ടനാടും കൊച്ചിയുമെല്ലാം പ്രളയം വിഴുങ്ങി. അവിടെ താമസിക്കുന്ന ആൾക്കാരെ രക്ഷിക്കാൻ മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തകരും വന്നു. ജില്ലയിലെ സ്കൂളുകളിൽ സർക്കാർ ദുരിതാശ്വാസ ക്യാമ്പ് തുടങ്ങി. പ്രളയം വന്ന എല്ലായിടത്തും നിന്ന് ജനങ്ങൾ ദുരിതാശ്വാസ ക്യാമ്പിൽ വന്നുചേർന്നു. പ്രളയത്തിൽ കുറച്ചുപേർ മരിച്ചു.

പ്രളയത്തെ അതിജിവിക്കാൻ കേരളം ഒന്നാകെ പരിശ്രമിച്ചു. ദുരന്തം മൂലം മനുഷ്യരുടെ കൃഷിയും സ്ഥാപനങ്ങളും എല്ലാം വെള്ളപ്പൊക്കത്തിലായി. ദുരിതാശ്വാസക്യാമ്പിൽ എല്ലാവരും ഒരുമിച്ചുനിന്നു സഹായിച്ചു. ജാതിയും മതവും ഒന്നും അവർ പരിഗണിച്ചില്ല. ദുരന്തത്തെ അതിജീവിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. രാജ്യത്തിലുള്ള എല്ലാവരും കേരളത്തെ സഹായിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് എല്ലാവരും സംഭാവന ചെയ്തു. പ്രളയത്തിൽ നിന്നും രക്ഷപ്പെട്ടവർക്ക് ദുരിതാശ്വാസക്യാമ്പിൽ നിന്നും വസ്തുങ്ങളും ആനുകൂല്യങ്ങളും ലഭിച്ചു. അവരുടെ വീടു കെട്ടാൻ സർക്കാർ അവർക്കു പണം നൽകി സഹായിച്ചു. എല്ലാവർക്കും 10000 രൂപ നൽകുകയും ചെയ്തു. കേരളം ഒന്നിച്ചുനിന്നതുകൊണ്ടാണ് ഈ പ്രളയത്തെ അതിജിവിച്ചത്. അതിനു കുറെ കഷ്ടപ്പാടുകൾ അവർ സഹിക്കേണ്ടി വന്നു. ഇപ്പോൾ കേരളം ഒരു പുതിയ കേരളമായി.....

# 'ആലപ്പുഴ' യെന്ന എന്റെ സ്വന്തം നാട്

മരിയ റാണി ഫിലിപ്പ്
IX A



ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ പതിനാലു മക്കളിൽ ഒരുവളായി രണ്ടാം നൂറ്റാണ്ടിൽ ആലപ്പുഴ പിറവി കൊണ്ടു. കേരളത്തിന്റെ മകളായ ആലപ്പുഴയ്ക്ക് 'കിഴക്കിന്റെ വെനീസ്' എന്ന ഓമനപ്പേര് നൽകി. ആരും കണ്ടാൽ കൊതിക്കുന്ന, ആരെയും ആകർഷിക്കുന്ന പച്ച പുതച്ചുകിടക്കുന്ന നെൽപ്പാടങ്ങളും ആരവങ്ങളുടെ ആർപ്പോവിളികളും ആർത്തിരമ്പുന്ന തിരമാലകളും കൊണ്ട് അനുഗ്രഹീതമായ നാട്, കലകളുടെയും, സാഹിത്യത്തിന്റെയും ഉത്ഭവം കുറിച്ച നാട്, സൂര്യാസ്തമയത്തിൽ സിന്ദൂരം പൂശിനിൽക്കുന്ന നാട്. പല പല പാലങ്ങൾ കൊണ്ടും നിറഞ്ഞു നിൽക്കുന്നു. ഉത്സവത്തിന്റെ ആഘോഷങ്ങളാൽ നിറഞ്ഞു നിൽക്കുന്ന രാവും പകലും. ചരിത്രം ഉറങ്ങികിടക്കുന്ന നാട്. പറന്നു നടക്കുന്ന കാറ്റ് കർഷകരുടെ അധ്വാനത്തിന്റെ മഹത്വം വിളിച്ചു പറയുന്നു. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും നന്മകളാൽ ഇന്നും എന്റെ നാടായ ആലപ്പുഴ നിലകൊള്ളുന്നു.

# വിശ്വസിക്കൂ......നിങ്ങൾ അതിജീവിക്കും

*ഗൗതം കൃഷ്ണ അരുൺ*
**VIII B**



ഒരു മഴയുള്ള ദിവസം കുട്ടി അമ്മയോട് "അമ്മേ, ഇതെന്തൊരു മഴയാണ് നമ്മൾ അനുഭവിക്കുന്നത്. ഇതിനൊരു ശമനമില്ലേ. എനിക്കു വിശക്കുന്നു. ഈ ദുരിതാശ്വാസ ക്യാമ്പിൽ കഴിക്കാനൊന്നുമില്ലേ. അമ്മ പറയുന്നു "മോനേ,നീ പേടിക്കാതിരിക്കൂ.... നിനക്കുള്ള ആഹാരം ഇപ്പോൾ തരാം. ആ സന്മനസ്സുള്ള ആൾക്കാർ നമുക്ക് ചോറും,ബ്രഡും മറ്റു വസ്തുക്കളും ഇപ്പോൾ കൊണ്ടുവരും എന്നാണ് ഇവിടെയുള്ളവർ പറയുന്നത്"മണിക്കൂറുകൾ കഴിഞ്ഞു. കുട്ടി ഇങ്ങനെ പറഞ്ഞു, "അമ്മേ,എവിടെ അമ്മ പറഞ്ഞ സന്മനസ്സുള്ള ആൾക്കാർ.........അവർ എന്താ നമുക്ക് ആഹാരം കൊണ്ട് വരാത്തെ?"അമ്മ:"ചിലപ്പോൾ വാഹനതടസ്സം മൂലമായിരിക്കും. ഞാൻ ഉദ്യോഗസ്ഥരോട് പോയി ചോദിക്കാം. നീ ഇവിടെ നിന്നോ"അമ്മ ഉടനെ പോയി ഉദ്യോഗസ്ഥരെ കാണാം. "ഞങ്ങൾക്ക് വിശക്കുന്നു.വല്ലതും കഴിക്കാൻ തരുമോ" ഇതുവരെ ഒന്നും എത്തിച്ചില്ലേ അവർ? ഞാൻ അവരെ വിളിക്കാം ഫോൺ വിളിച്ചതിന് ശേഷം സങ്കടത്തോടെ അമ്മയോട് ഇങ്ങനെ പറഞ്ഞു"അവർ നല്ല വരല്ല. നമ്മുടെ ആഹാരവും, വസ്ത്രവും, പണവുമെല്ലാമുള്ള വണ്ടിയുമെടുത്ത് അവൻ സ്ഥലം വിട്ടു. ഇനി നമുക്ക് അത് കിട്ടില്ല. എന്നോട് ക്ഷമിക്കണം". വിഷമത്തോടെ അമ്മ തിരിച്ച് മോന്റെ അടുത്തെത്തി. പക്ഷേ,അവന് അവന്റെ ബോധം നഷ്ടപ്പെട്ടിരിക്കുന്നു. രാവിലെ മുതൽ അവൻ ഒന്നും കഴിച്ചിട്ടില്ല. വെപ്രാളത്തോടു കൂടി അമ്മ അവന്റെ അടുത്തേക്ക് ഓടിയെത്തി"മോനെ,മോനെ കണ്ണുത്തുറക്കൂ നമുക്കിവിടെ താമസിക്കണ്ട. ഈ ദുഷ്ടരിൽ നിന്ന് നമുക്ക് നന്മയുടെ മറ്റൊരു ലോകത്തേക്ക് പോകാം. അവർ ആ മഴയത്ത് അവിടെ നിന്ന് മറ്റൊരു സ്ഥലത്തേക്ക് പോയി............

# ആ സന്ധ്യാസമയത്ത്



നിഖില വേണു
VII D

നേരം ഇരുട്ടി. എന്നിട്ടും കടയിലെ ആൾക്കാർക്ക് ഒരു കുറവുമില്ല. ഇഞ്ചി,പച്ചമുളക്, സവോള, തുടങ്ങി പലതും വീട്ടിൽ തീർന്നിരുന്നു. കുറെ നേരം അവിടെ നിന്നുവെങ്കിലും സഹികെട്ട് ഞാൻ ക്യൂവിൽ കയറി. ക്യൂവിലെ ആൾക്കാർ ബഹളംവച്ചു. അവരെന്നെ ഏറ്റവും അവസാനത്തെ ആളാക്കി. ക്യൂ ഒന്ന് അനങ്ങുന്ന പോലുമില്ല.അപ്പോളാണൊരു കുട്ടി എൻെറ ശ്രദ്ധയിൽപ്പെട്ടത്. അവനൊരു ഫോട്ടോയും പിടിച്ച് അതും നോക്കി കരയുകയാണ്. അവനാകപ്പാടെ കറുത്ത ശരീരവും ഒരു കീറിയ നിക്കറും നരച്ച ഷർട്ടും ചെമ്പിച്ച മുടിയും ഒക്കെയാണ്. അവൻ  ആളുകളെ ഭയക്കുകയാണ്. അരോടും സംസാരിക്കാൻ താൽപര്യം പ്രകടിപ്പിക്കുന്നില്ല. ഞാൻ ആ കുട്ടിയോട് സ്നേഹത്തോടെ  പെരുമാറി.

അവൻ നീങ്ങി നീങ്ങി ഒരു മരച്ചുവട്ടിൽ ആൾപ്പാർപ്പില്ലാതെ സ്ഥലത്ത് നദിയുടെ അടുത്ത് പോയിരുന്നു. ഞാൻ ആരാണെന്നവനെ പരിചയപ്പെടുത്തി. പതിയെ പതിയെ അവൻ ഞാനുമായി ഇണങ്ങി. ഞാനൊരു സൈകാട്രിസ്റ്റാണെന്നുപറഞ്ഞു. അങ്ങനെയവൻ ആരാണെന്നു ചോദിച്ചാപ്പോളവൻെറ പേര് അപ്പു എന്നാണെന്നും അവൻെറ അച്ഛനൊരു ഡോക്ടറാണെന്നും പേര് മോഹനൻ എന്നാണെന്നും അമ്മയൊരു നേഴ്സാണെന്നും പേര് രേഷ്മ എന്നാണെന്നും പറഞ്ഞു . പിന്നിട്ടുള്ള കാര്യങ്ങൾ ചോദിച്ചപ്പോൾഅവൻ കരയാൻ തുടങ്ങി. എന്താണെന്ന് അറിയാൻ ഞാൻ ചോദിച്ചപ്പോൾ അവൻെറ മാതാപിതാക്കളോടൊപ്പം ഉത്സവത്തിന് വന്നപ്പോൾ അവൻ ഒരിടത്ത് ഇരുന്ന് കളിക്കുകയായിരുന്നു എന്നും ആ സമയം ഒരാളവനെ മയക്കി കൊണ്ടു പോയെന്നും ഒരു ഇരുണ്ട സ്ഥലത്തിട്ട് അവനെ ക്രൂരമായി മർദ്ദിക്കുകയും ഈ സ്ഥലത്ത് കൊണ്ടിട്ടെന്നും പറഞ്ഞു. ഞാൻ അവനെ സ്വന്തം മകനെ പോലെ കരുതി. അവനെ ഞാൻ അവിടെത്തന്നെ നിർത്തി. കടയിലെത്തിയപ്പോളേക്കും ആൾക്കാരെല്ലാം പോയിരുന്നു. ഞാൻ സാധനങ്ങളുടെ ലിസ്റ്റ് കടക്കാരന്റെ കൈയ്യിൽ  കൊടുത്തു . കടക്കാരൻ എടുക്കുന്ന നേരത്ത് ഒരു ശബ്ദം കേട്ടു. ഞാൻ കുട്ടി നിന്ന സ്ഥലത്തേക്ക് പോയി നോക്കിയപ്പോൾ അവിടെ ആരുമില്ല. ആകെ പതിയെ ഒഴുകുന്ന നദി മാത്രം.......

# നൊമ്പരപ്പൂക്കൾ



ജോസ്സിമ്മ ജോസഫ്

എച്ച്. എസ്. റ്റി.

പെയ്യുവാനോങ്ങി പെയ്യാതെ
പോകുന്ന മഴ പോലെ
ഹൃദയത്തിനുള്ളിൽ മിഴിനീർ
മുത്തുകളൊളിപ്പിക്കും
സർവ്വം സഹായിയായൊരമ്മ
മൂകം ശോകനിശ്വാസമുതിർക്കുന്നു

ഞാൻ പ്രകൃതി, വികൃത-
മാക്കിയെന്നെ നിങ്ങൾ
മലിനമാക്കിയെൻെറ മാനസം.
നഗ്നമാക്കിയെൻെറ പൂവുടൽ
സുകൃതമാകെ ക്ഷയിച്ചുപോയൊ-
രമ്മ മനസ്സിൻ നൊമ്പരങ്ങൾ.
പാടി നടക്കുവാൻ മാലോകരില്ല.

കായലിന്നെന്തേ കാളിന്ദിപോലെ,
നീലിമയെങ്ങുപൊയ്
കറുത്തു കുറുകിയ ജലമാ-
ണതിൽ നീന്തിത്തുടിച്ചു-
കുളിക്കയാണുണ്ണിയുമെരുമയും
കതിരവനുദിക്കാത്ത
അരുവികൾ വറ്റാത്ത
കാനന നിഗൂഢതകളെ -
ങ്ങുപോയ് മക്കളെ?


മാമുനി തപം ചെയ്തകാട്ടിൽ
മാമരമില്ലാതെയായോ
ആദിമനുഷ്യനിന്നെവിടെ,
കായ്കനികൾ തേൻ കട്ടകൾ
കുന്തിരിക്ക ഗന്ധവുമിന്നെവിടെ
കൊമ്പൻ ചവച്ചുതുപ്പിയ
കരിമ്പിൻ തണ്ടുപോലെ-
യായൊരു വനസീമകൾ

മഴയില്ല, മഞ്ഞില്ല
ഋതുവാകെ മുറതെറ്റി
വയലില്ല നെല്ലില്ല
വിഷമാണു ഭക്ഷണം
മണ്ണിൽ മനുഷ്യനു
ദുസ്സഹമായ് ജീവിതം
കതിരുകാണാക്കിളി
പാടി വിഷാദ രാഗം

ജീവജലത്തിനായ്
പടപൊരുതുന്നൊരു
കാലം വിദൂരമല്ലെന്ന-
റിയുമ്പോൾ തകരുന്നു നെഞ്ചും
കണ്ണുനീർ തിരശ്ശീല
കൺഗുഹകളെയടയ്ക്കുന്നു
ഇടറുന്ന കണ്ഠത്തിൽ
കുടുങ്ങുന്നു പാട്ടുകൾ
ഞാൻ പ്രകൃതി ദേവി
ഇന്നു വികൃതിയാം കോമാളി
എന്റെ മാറു പിളർന്നു കുടിച്ചു
മദിച്ചു രമിച്ചവർ നിങ്ങൾ-
ചന്ദ്രനിലേയ്ക്കോ ചൊവ്വയിലേയ്ക്കോ
എങ്ങോട്ടാണിനി യാത്ര?.

# പരിസ്ഥിതി ബോധവും

# പൗരസമൂഹവും



**ജിതിൻ ജെ. ചെമ്മോത്ത്**
**IX A**

പ്രകൃതി ദൈവത്തിൻെറ വരദാനമാണ് . ഈ പ്രകൃതി എത്ര സുന്ദരവും മനോഹരവുമാണ് . ചരിത്ര സമ്പത്താലും വൈവിധ്യ പൂർണ്ണതയാലും നമ്മെ ആകർഷിക്കുവാൻ നിറയെ മരങ്ങളും മനോഹരമായ പർവതങ്ങളും, വെള്ളച്ചാട്ടങ്ങളും, പൂക്കളും , പുഴകളും കൊണ്ട് സമ്പന്നവും വർണ്ണിക്കാൻ കഴിയാത്തവിധം സുന്ദരവുമാണ് പ്രകൃതി. ഈ പ്രകൃതിയെ സംരക്ഷിക്കുക എന്നതാണ് നമ്മുടെ ദൗത്യം. അത്, ഓരോ വ്യക്തിയുടേയും കടമയും ഉത്തരവാദിത്വവുമാണ്. ഇന്ന് നമ്മുടെ പരിസ്ഥിതി അല്ലെങ്കിൽ പ്രകൃതി നേരിടുന്ന പ്രശ്നങ്ങൾ ഒട്ടേറെയുണ്ട് . പരിസ്ഥിതി മലിനീകരണം, മരം നശിപ്പിക്കൽ, നദികൾ ഇല്ലാതാക്കുന്നത്, പ്ലാസ്റ്റിക്കിൻെറ ഉപയോഗം തുടങ്ങിയവയാണ് അവ.

പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വവും കടമയുമാണ്. ഈ ഉത്തരവാദിത്വത്തിൽ നിന്നും കടമയിൽ നിന്നുമെല്ലാം ഒളിച്ചോടുകയാണ് നമ്മൾ. എന്തിനാണ് ഈ ഒളിച്ചോട്ടം? എന്തിനാണ് പ്രകൃതിയെ നശിപ്പിക്കുന്നത് .ഇതെല്ലാം നാം സമൂഹത്തിൽ ചിന്തിക്കേണ്ടതും ചർച്ചചെയ്യേണ്ടതും അനിവാര്യം തന്നെയാണ്. ഇതിന് ഏറ്റവും ഉദാഹരണം കവികളും,സാഹിത്യകാരന്മാരുമാണ്.

ഈ ലോകത്ത് വസിക്കുന്ന ഒരോ പൗരനും  പൗരസമൂഹത്തിനും പ്രകൃതിയുടെ ഉത്തരവാദിത്വവും സംരക്ഷണവും ഏറ്റടുക്കണം.പ്രകൃതി നമ്മുടെ സ്വന്തം അല്ല. ഇത് മനുഷ്യൻ പ്രകൃതിയെ ചൂക്ഷണം ചെയ്യുമ്പോൾ ഓർക്കേണ്ടകാര്യമാണ്  പ്രകൃതി നമ്മുടെ സ്വന്തം അല്ല..............കാരണം പ്രകൃതി നാം വസിക്കുന്ന ഇടമാണ്. നമ്മെ പോലെ പ്രകൃതിയിലെ എല്ലാ ചരാചരത്തിനും പ്രകൃതിയുടെ മേൽ അവകാശമുണ്ടെന്ന് വൈക്കം മുഹമ്മദ് ബഷീർ നമ്മെ ഓർമ്മപ്പെടുത്തുന്നു.പ്രകൃതിയെ നാം ഉപയോഗിക്കുമ്പോൾ അത് അടുത്ത തലമുറയ്ക്ക് നൽകേണ്ടതാണ് എന്ന ബോധ്യത്തോടുകൂടി വേണം ഉപയോഗിക്കാൻ. പ്രകൃതിയെക്കുറിച്ച് സാഹിത്യകാരന്മാർ വിവരിച്ചിട്ടുണ്ട്. പ്രകൃതി ഉപാസകനാണ് താൻ എന്ന് പി. കുഞ്ഞിരാമൻ  നായർ പറയുന്നു.

അതുപോലെ ഒട്ടേറെ കവിതകളും പ്രകൃതിയെ ആസ്പദമാക്കിയാണ് രചിച്ചത്. പ്രകൃതി ദൈവത്തിൻെറ സ്വന്തമാണെന്നും അതിനെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വവും, കടമയും നമ്മുടേതാണെന്നും പൗരന്മാരായ ഒരോരുത്തരും പ്രകൃതിയെ സംരക്ഷിച്ചു വരുംതലമുറയ്ക്ക് കൈമാറേണ്ട ബോധ്യത്തോടുകുടി ജിവിക്കണം.

# വിദ്യാഭ്യാസ സംസ്കൃതിയും

# നവമാധ്യമങ്ങളും

**ജെസ്സി ജോൺ**

**യു. പി. എസ്. റ്റി.**



ശാസ്ത്രസാങ്കേതികവിദ്യ അതിന്റെ ഉച്ചകോടിയിലെത്തിയിരിക്കുന്ന ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. വിജ്ഞാനവിസ്ഫോടനത്തിന്റെ ഈ യുഗത്തിൽ നവമാധ്യമങ്ങൾ ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയിരിക്കുന്നു. മനുഷ്യജീവിതത്തിലെ എല്ലാത്തുറകളെയും ഇവ സ്വാധീനിച്ചിരിക്കുന്നുവെന്നതാണ് ഇതിന്റെ പ്രധാന കാരണം. അറിവിന്റെമേഖല വികസിപ്പിക്കുന്നതിനും, പുസ്തകങ്ങൾവായിക്കുന്നതിനും ,കാലാവസ്ഥാപ്രവചനത്തിനും,അവശ്യസാധനങ്ങളുടെ കൈമാറ്റത്തിനും ടിക്കറ്റുകൾ ബുക്കു ചെയ്യുന്നതിനും,ബാങ്കിടപാടുകൾക്കും എന്നുവേണ്ട, സർവ്വമേഖലയിലും ഇവയുടെ മേൽക്കോയ്മ നാം അംഗീകരിച്ചേ മതിയാവൂ. ലോകത്തെ ഒറ്റ ബിന്ദുവിലേക്ക് കേന്ദ്രീകരിക്കുവാൻ, പരസ്പരം സംവദിക്കുവാൻ, ആശയങ്ങൾ കൈമാറുവാൻ,ആധുനിക മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് അനിർവചനീയമാണ്

സാങ്കേതികവിദ്യയും മാധ്യമങ്ങളും ഏറെ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസമേഖല. നാലു ഭിത്തികൾക്കുള്ളിലൊതുങ്ങുന്ന ക്ലാസ്സ് മുറികളിലേക്ക്, ലോകത്തിലെ ഏതൊരു മാറ്റത്തെയും എത്തിക്കുവാൻ സാധ്യമാകുന്നത് ഈ മാധ്യമങ്ങളുടെ സഹായത്തോടെയാണ്. അദ്ധ്യപകകേന്ദ്രീകൃതമായിരുന്ന ക്ലാസ്സ് മുറികളിലേക്ക് ഹൈടെക് സംവിധാനങ്ങൾ കടന്നുവന്നപ്പോൾ അദ്ധ്യാപകറോളിൽ സാരമായ മാറ്റം ദൃശ്യമായി. കണ്ടും കേട്ടും കാര്യകാരണങ്ങൾ സ്വാംശീകരിക്കാനും

നിഗമനങ്ങൾ രൂപീകരിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്ന ഒരു സഹായിയുടെ റോളിലേക്ക് അദ്ധ്യപിക ചുരുങ്ങി. പകരം പഠനം വിദ്യാർത്ഥികേന്ദ്രീകൃതമായി. സംശയനിവാരണത്തിനും പുനർപഠനത്തിനും കുട്ടികളെ പ്രാപ്തരാക്കുംവിധം ക്ലാസ്സ്മുറികൾ സജ്ജീകൃതമായി കഴിഞ്ഞു.

ദിനപത്രം,റേഡിയോ,ടെലിഫോൺ,പുസ്തകങ്ങൾ തുടങ്ങിയ മാധ്യ മങ്ങൾ മാത്രമാണ് ഏകദേശം 30 വർഷങ്ങൾക്കു മുൻപുവരെ നമ്മുടെ നാട്ടിൽ ലഭ്യമാ യിരുന്നത്.അവ സമൂഹത്തിലെ ഏതാനും പേർക്കു മാത്രമേ പ്രാപ്തമായിരുന്നുള്ളൂ. ടെലി വിഷന്റെ രംഗപ്രവേശം, ദൃശ്യമാധ്യമം എന്ന നിലയിൽ ഏറെ പ്രയോജനപ്രദമായി. അവയുടെ വ്യാപനം സമൂഹത്തിലും ഏറെ മാറ്റങ്ങളുണ്ടാക്കി. കമ്പ്യൂട്ടറിന്റെ കണ്ടുപിടുത്തവും,ഉപഗ്രഹങ്ങളുടെ സഹായത്തോടെ ഇന്റർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിയതും, മാധ്യമരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചു.വിജ്ഞാനത്തിന്റെ ഏതു മേഖലയെയും തന്റെ കൈപിടിയിലൊതുക്കുവാൻ ഇന്നു വിദ്യാർത്ഥികൾക്കു കഴിയുന്നു.മാധ്യമങ്ങൾ വാർത്തകളും ആശയങ്ങളും കൈമാറുന്നതിനുള്ള മാർഗം മാത്രമല്ല, മറിച്ച് ആസ്വാദനത്തിനുള്ള വഴികളും ഒരുക്കിത്തരുന്നു.വിവിധ വിഷയങ്ങളെ കൂടുതൽ രസകരമായിഅവതരിപ്പിക്കുന്നതിന് ആധുനികമാധ്യമങ്ങൾ ഏറെ സഹായകരമാണ്.

പൊതുവിദ്യാലയങ്ങളിൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തിയത് ഉചിതമായ നടപടി ആയിരുന്നു. സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന ഇത്തരം വിദ്യാലയങ്ങളിൽ സമർത്ഥരായ ഒരു പറ്റം വിദ്യാർത്ഥികളും ഒപ്പം പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരും ഉണ്ടാകും. അവരുടെ വീടുകളിൽ പഠനത്തിൽ അവരെ സഹായിക്കുവാൻതക്ക അറിവോ പരിജ്ഞാനമോ അവരുടെ മാതാപിതാക്കൾക്കുണ്ടായിരിക്കില്ല. അത്തരം കുട്ടികളെ സംബന്ധിച്ചിടത്തോളം മാധ്യമങ്ങൾ ഏറെ സഹായകമാണ്. അഭിരുചികൾ തിരിച്ചറിഞ്ഞ്, അവരെ നിശ്ചിതമേഖലകളിലേക്ക് വഴിതിരിച്ചുവിടുവാൻ ആധുനിക മാധ്യമങ്ങൾക്ക് ഒരു നല്ല പങ്കു വഹിക്കുവാൻ കഴിയും. അതിനുള്ള മാർഗ്ഗങ്ങൾ ബോധ്യപ്പെടുത്തുവാൻ അധ്യാപകർക്ക് ചുമതലയുണ്ട്. കുട്ടികളുടെ ചിന്തശക്തിയും അന്വേഷണത്വരയും ഉണർത്തി അറിവിന്റെ പുതിയ മേഖലകൾ തേടിപ്പോകുവാൻ ഇത്തരംഅനുഭവങ്ങൾ അവരെ സഹായിക്കും.

എന്നാൽ മാധ്യമസംസ്കാരം ഉയർത്തുന്ന വെല്ലുവിളികൾ ഇന്ന് സമൂഹത്തിന്റെ തന്നെ കാഴ്ചപ്പാടുകൾക്ക് ഏറെ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു. വിദ്യാ ഭ്യാസമേഖലയെ സംബന്ധിച്ചിടത്തോളം ഇത് ഏറെ പ്രസക്തമാണ്. ഗുരു-ശിഷ്യബന്ധ ത്തിന് ഏറെ പ്രാധാന്യം കല്പിച്ചിരുന്ന ഒരു സംസ്കാരമായിരുന്നു നമ്മുടേത്. ഗുരുമുഖത്തു നിന്നും പഠിക്കുക എന്ന ആശയത്തിന് ഏറെ പ്രസക്തിയുണ്ട്. കേവലം വിജ്ഞാനദാ താക്കൾമാത്രമല്ല അദ്ധ്യാപകർ മറിച്ച്, മാതാപിതാക്കളോടൊപ്പം ഒരുവന്റെ സ്വഭാവരൂപ വത്ക്കരണത്തിൽ നല്ല പങ്കുവഹിച്ചിരുന്നവരായിരുന്നു അവർ. അതിനാൽത്തന്നെ സമൂ ഹവും അവർക്ക് മാന്യമായ സ്ഥാനം കല്പിച്ചുനൽകിയിരുന്നു.അദ്ധ്യാപകർ ഇന്നും എന്നും

അദ്ധ്യാപകർ തന്നെയാണ്. അജ്ഞാനമാകുന്ന അന്ധകാരമകറ്റി,ജ്ഞാനമാകുന്ന പ്രകാശത്താൽ ഒരുവനെ ജീവിപ്പിക്കുവാൻ പഠിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.മാധ്യമങ്ങളുടെ കടന്നുവരവോടെ അധ്യാപകന്റെ പ്രാധാന്യം കുറഞ്ഞുഎന്നത് വലിയ ഒരു ന്യൂനത തന്നെയാണ്.മാധ്യമങ്ങളുടെ അതിപ്രസരം വിജ്ഞാനസമ്പാദനത്തിന് ഏറെ സഹായകരമാണെങ്കിലും,സനാതനമൂല്യങ്ങൾക്ക് ഏറെ മങ്ങലേല്പിച്ചുകൊണ്ടിരിക്കുന്നു.സാമൂഹ്യ മാധ്യമങ്ങൾ എന്ന് നാം അവയെ വിളിക്കുമെങ്കിലും,തൊട്ടടുത്തുള്ള സമൂഹത്തോടോ വ്യക്തികളോടോ യാതൊരു ബന്ധവും ഇല്ലാതാകുന്ന അവസ്ഥയാണ് നിലവിലുള്ളത്.

ഫെയ്സ്ബുക്കും വാട്ട്സാപ്പുമൊക്കെ വ്യക്തി-വ്യക്താന്തരബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ്.എന്നാൽ പലപ്പോഴും അവയുടെ വികലമായ ഉപയോഗം ഗുണത്തേക്കാളേറെ ദോഷങ്ങൾ ഉളവാക്കുന്നു.ഹൈടെക് ക്ലാസ്സ് മുറികൾ, അദ്ധ്യപകരുടെ അസാന്നിദ്ധ്യത്തിൽ പലപ്പോഴും ഇത്തരം വേദികളാകാറുണ്ട്.പുസ്തകവായന നമ്മുടെ ഒരു സംസ്കാരമായിരുന്നു. ഏതു പുസ്തകവും വായിക്കുവാനുള്ള സംവിധാനങ്ങൾനവമാധ്യമങ്ങളിലുണ്ട്. പുസ്തകങ്ങൾ നേരിട്ടു വായിക്കുന്ന ആസ്വാദനം, ഈ-റീഡിംഗിലൂടെ നമുക്കു സാധ്യമാകുകയില്ല എന്ന് അനുഭവസ്ഥർ പറയാറുണ്ട്.ഒരു പുസ്തകം വായിച്ചു തീർക്കുക എന്നതല്ല,അത് എങ്ങനെ വായിച്ചു തീർക്കുന്നു എന്നതിനാണ് പ്രാധാന്യം.വായന മരിക്കുന്നു എന്ന് നാം പരിതപിക്കുന്ന ഇക്കാലത്ത്, ഈ-റീഡിംഗ് ഒരു അനുഗ്രഹമാണെന്ന് നമുക്കു പറയാതിരിക്കുവാനും കഴിയില്ല.

പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം നാം ചിന്തിക്കേണ്ട ഒരു വസ്തുതയുണ്ട്.ഒരു നല്ല മാധ്യമസംസ്കാരം നമുക്കെങ്ങനെ സൃഷ്ടിച്ചെടുക്കാം എന്നു ചിന്തിക്കുന്നത് ഈ അവസ്ഥ ഏറെ പ്രസക്തമാണ്.സംസ്കാരം ആരംഭിക്കേണ്ടത് കുടുംബങ്ങളിൽ നിന്നാണ്.മാധ്യമവിദ്യാഭ്യാസം മാതാപിതാക്കൾക്ക് ഉണ്ടെങ്കിൽ മാത്രമേ കുട്ടികൾക്ക്തിരുത്തലുകൾ ലഭിക്കുകയുള്ളൂ.വിദ്യാലയങ്ങിലെത്തിയാൽ,അദ്ധ്യപകർക്ക് അവരെ ആ സംസ്കാരത്തിലേക്കു നയിക്കുവാൻ കടമയുണ്ട്.സാൻമാർഗികത നഷ്ടപ്പെടുമ്പോഴാണ് വികലമായ മാധ്യമോപയോഗത്തിലേക്ക്കുട്ടികൾ തിരിയുന്നത്.

ഒന്നാം ക്ലാസ്സിൽ എത്തുന്നതുമുതൽ ഈ പഠനം ആരംഭിക്കണം.സ്മാർട്ട് ക്ലാസ്സ് മുറികളാണ് ഇന്ന് നവമാധ്യമങ്ങൾ ഒരുക്കുന്ന അനന്തസാധ്യതകൾ മുതലെടുക്കുവാൻ അവരെ പരിശീലിപ്പിക്കുന്നതോടൊപ്പം,വികലമായ ഉപയോഗത്തിൽ സംഭവിക്കാവുന്ന ദോഷഫലങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങൾ നൽകണം. ഹൈടെക് ക്ലാസ്സ് മുറികളാണെങ്കിൽ കൂടി,അവയെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം അദ്ധ്യപകരുടെ ഇടപെടലിന് അവസരം ഒരുക്കണം.നുണപ്രചാരങ്ങൾ ഏറെ നടക്കുന്ന കാലഘട്ടണമാണിത്.അത്തരം വഴിതെറ്റിക്കുന്ന സാഹചര്യം തിരിച്ചറിയാൻ സാഹചര്യങ്ങൾ തിരിച്ചറിയാൻ കുട്ടികൾക്ക് ബോധ്യങ്ങൾ നൽകണം.അങ്ങനെ ഒരു നല്ല മാധ്യമസംസ്കാരത്തിലൂടെ ഉയർന്ന പടവുകൾ ചവുട്ടിക്കയറി പുതിയ തലമുറയെ നമുക്ക് പരിശീലിപ്പിക്കാം.

# പാമ്പും തവളയും

സച്ചിത്ത് ഷൈൻ
VIII A



ഒരിടത്തൊരു നല്ലവനായ തവളയുണ്ടയിരുന്നു. ആ കാട്ടിലെ എല്ലാവർക്കും സഹായി ആയിരുന്ന അവൻ പ്രതിഫലം ഒന്നും ആഗ്രഹിച്ചില്ല. എല്ലാവരും സന്തോഷത്തോടെ ഇരിക്കണം എന്ന് അവൻ ആഗ്രഹിച്ചു. ഒരു ദിവസം തവള അടുത്ത കാട്ടിലെ സുഹൃത്തിന്റെ വീട്ടിൽ പോയിരിക്കുകയായിരുന്നു .ആ ദിവസം തവളയുടെ കാടായ ചക്കിക്കാട്ടിൽ ഒരു ക്രൂരനായ പാമ്പ് വന്നെത്തി. അന്നുവരെ സന്തോഷത്തിൽ കഴിഞ്ഞ തവളക്കുടുംബത്തിന് അത് ഒരു കറുത്ത ദിവസമായി മാറി .തവളക്കുട്ടൻ തിരിച്ചു വന്നപ്പോൾ അവന്റെ കുടുംബത്തിൽ ആരും ജീവനോടെയുണ്ടായിരുന്നില്ല.


അത്തിമരത്തിലെ മൂങ്ങയാണ് തവളക്കുട്ടനോട് എന്ത് സംഭവിച്ചു എന്ന് പറഞ്ഞത്. മൂങ്ങപറഞ്ഞതിൽനിന്ന് പാമ്പാണ് തന്റെ കുടുംബത്തെ കൊന്നതെന്ന് മനസ്സിലാക്കിയ തവള പാമ്പിനോട് പ്രതികാരം ചെയ്യാൻ തീരുമാനിച്ചു.
പാമ്പിനോട് പ്രതികാരം ചെയ്യാനായി പാമ്പിന്റെ താമസസ്ഥലമായ പൊട്ടക്കിണറ്റിന് സമീപം വന്നെത്തി. തവളയെകണ്ട പാമ്പ് ഭക്ഷണത്തിനായി പിടികൂടി. തവള തന്റെ ആഗ്രഹമായി പാമ്പിനോട് താൻ പറയുന്നകുളത്തിൽ ചാടൻ പറഞ്ഞു. ആ കുളത്തിൽ വിഷച്ചെടിനിറഞ്ഞു നിന്നതിനാൽ ആരും അതിൽ ഇറങ്ങിയിരുന്നില്ല.ഈ കാര്യം അറിയാത്ത പാമ്പ് കുളത്തിൽ ചാടുകയും അവിടെ വച്ചു തന്നെ മരിക്കുകയും ചെയ്തു. പിന്നീട് തവള അവിടെ സന്തോഷമായി ജീവിച്ചു.

# എന്നെ രക്ഷിക്കൂ.......



ജോണിയൽ ബി.

IX B



# പ്രളയ ഭൂമി

ജോസ്ന ജോണി
IX A



കേരള ജനതയെ കാർന്നുതിന്നാൻ
' ഓഖിക്ക പിന്നാലെ  നീയുമൊ .........
പ്രളയമേ..........എന്തിനായ് വന്നു നീ...

എന്തിനീ ക്രൂരത കാട്ടുന്ന മർത്ത്യ-
നോടിണക്കമില്ലയോ നിനക്കും....
പ്രളയമേ........എന്തിനായ് വന്നു നീ ......

അത്താണിപ്പാവങ്ങൾ തൻ കയ്യും-മെയ്യും
വിതപ്പാകമായ ഹൃദയത്തിൻ തുടിപ്പും
കണ്ടില്ലയോ നീ.........
പ്രളയമേ........ എന്തിനായ് വന്നു നീ.

വിരഹത്തിൻ  വേദന തൻ
ആയിരം മുറവിളിപ്പാട്ടു-
കളായ് ഇന്നു നിൻ കാതിൽ
നിലവിളിയായി മാറുന്നുവോ...
പ്രളയമേ ........ എന്തിനായ് വന്നു നീ.

നിന്റെയീ ചെയ്തിയാൽ
പൊലിഞ്ഞുപോയതൊരായിരം ജന്മങ്ങൾ
വലുതെന്നോ ചെറുതെന്നോയില്ലാതെ.........
പതിനായിരങ്ങൾ............
പ്രളയമേ...... എന്തിനായ് വന്നു നീ....

# Drug Abuse And The Youth



Ashna R
IX B

Since the youth are the future citizens of India, they should be brought up and protected with utmost care. Nowadays young people are very much independent and are not amenable to the reasonable, logical pleas of their parents,teachers and elders to walk past in the right direction.

As young people are carefree they get little chance of knowing the implications of the moral values of life. They think they can do anything they like and they are not bound by ethical rules and regulations. In these days, except a few,many students take to evil ways. Especially the youth who stay in hostels for a long time develop all kinds of bad habits. Even a disciplined boy turns to evil ways because of his association with bad companionship.

Getting addicted to drugs is very dangerous. We believe that a person in hallucination experiences the pleasure of hearing a song from his inner mind . He is totally in the grip of an illusion.

Drugs-addicts have a tendency to add more and more persons to their company and they wish that others too should become victims of drug addition.

The central as well as the State Governments have established counselling and treatment centres for drug and liquor addicts. There are also some private counselling and treatment centres for drug and liquor addicts all over the country .

The youth of our country are tomorrows citizens and in this world of violence, mutual bitterness and deceit, they should be made to understood that they are the torch bearers of wisdom and discipline.

# നവമാധ്യമസംസ്കാരം

സേതുലക്ഷ്മി പി.
IX A



അന്യാധീനപ്പെട്ടുപോയ ലോകത്തിന്റെ സംസ്കാരം, വർണ്ണപ്പകിട്ടാർന്ന ഇന്നലെകൾ,,, ഓർക്കുമ്പോൾ മനസ്സിൽ തുളുമ്പുന്ന മാധുര്യം... ആരും ഒന്ന് നിശ്ചലമായി കണ്ടുനിൽക്കും ആ സംസ്കാരത്തെ.... ബഹുമാനിക്കും ആ സമ്പന്നതയെ,,, തള്ളിപ്പറയാനാകില്ല ആ കാലഘട്ടത്തെ....വർണ്ണവിഭൂലമായിരുന്ന ആ കാലഘട്ടത്തെ മനസ്സിൽ നിന്നും മായിക്കാൻ ഇന്നും കഴിയില്ല....

ഭാരതീയ സംസ്കാരം എന്നു കേട്ടാൽ മറിച്ച് ഒന്നും പറയാനാകാതെ അക്ഷമരായി നിൽക്കുമായിരുന്ന ഒരു ജനത നമുക്കും ഉണ്ടായിരുന്നു.മറ്റാരുടെയും മുന്നിൽ തലകുനിക്കാതെ നിന്ന ആ സംസ്കാരം ഇന്നെവിടെ? അതിനെ നിലം പരിഷാക്കിയത് ആരാണ്? അതിനെ ഇരുട്ടിന്റെ അന്ധകാരത്തിലേക്ക് തള്ളിയിട്ടത് എന്തിനാണ്?

1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം കിട്ടിതയതുമുതൽ ഭാരതീയ സംസ്കാരം നമ്മൾ ഓരോരുത്തരും നെഞ്ചിലേറ്റിയ ഒന്നാണ്.അതിന്റെ ഫലമായി തന്നെ ഇന്ന് നമ്മുടെ ഭാരതം ഒട്ടേറെ വളർന്നിരിക്കുന്നു.സാമ്പത്തികപരമായും ശാസ്ത്രീയപരമായും അത് ഓരോരുത്തരെയും സ്വാധീനിച്ചു. നാം ഇന്നു കാണുന്ന ഇന്ത്യ വളർത്തിയെടുത്തത് ഒത്തിരി ഘട്ടങ്ങൾ ഒത്തുചേർത്തിട്ടാണ്.അതിലൊന്നാണ് "നവമാധ്യമസംസ്കാരം".

ഒട്ടേറെ കണ്ടുപിടുത്തങ്ങൾ ഇതിന്റെ പരിണിതഫലങ്ങളാണ്.ഇന്ന് വർണ്ണത്തിളപ്പിന്റെ ലോകം വളരെ പരിചിതമാണ്.എന്നാൽ ഇന്ന് നവമാധ്യമങ്ങളുടെ പ്രസക്തി വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.ആശയവിനിമയം കൂട്ടുംതോറും പുറം ലോകവുമായുള്ള ബന്ധവും കൂടുകയാണ്.നവമാധ്യമം എന്ന ആശയത്തിലൂടെ നാം കൈവരിച്ച നേട്ടങ്ങൾ വിലമതിക്കാനാകാത്തതാണ്.അക്ഷരങ്ങളുടെയും അറിവിന്റെയും ലോകം നമുക്ക് നവമാധ്യമങ്ങൾ വഴി തുറക്കപ്പെടും.... ആധുനികലോകത്തിന്റെ വിലമതിക്കാനാവാത്ത സമ്പത്താണ് 'നവമാധ്യമസംസ്കാരം'.നവമാധ്യമങ്ങളുടെ പ്രസകതി ഇന്ന് ഏറ്റവും കൂടുതൽ ഉള്ളത് പുതുതലമുറക്കാണ്. ബാല്യമെന്നോ, കൗമാരമെന്നോ, യൗവ്വനമെന്നോ എന്തിനു പറയുന്നു വാർദ്ധക്യമെന്നോ ഇല്ലാതെ ഇന്ന്

നമ്മുടെ ജനത നവമാധ്യമസംസ്കാരത്തിലേക്ക് കൂപ്പുകുത്തിയിരിക്കുന്നു.

"നമുക്ക് നാമെ പണിവതു നാകം നരകവും അതുപോലെ..."

എന്നു പറയുന്നതുപോലെ നവമാധ്യമങ്ങളിലൂടെ നാം നമുക്ക് തന്നെ ചിത സൃഷ്ടിക്കുന്നു. ഒരു നാണയത്തിന്റെ ഇരുപുറങ്ങൾ പോലെ നവമാധ്യമസംസ്കാരത്തിന് ഗുണങ്ങളും ദോഷങ്ങളുമുണ്ട്.വർണ്ണപ്പകിട്ടിന്റെ ഈ ലോകം ഇന്ന് ഇത്രയും അധഃപ്പതിക്കാൻ കാരണവും നവമാധ്യമസംസ്കാരമാണ്.അതിന്റെ പരിണിതഫലങ്ങളിലൊന്നാണ് ഭാഷ.ഇന്ന് ഭാഷാപരമായ ഒത്തിരി മാറ്റങ്ങൾ നമ്മുക്ക് വന്നിട്ടുണ്ട്.ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നിങ്ങനെയുള്ള നമ്മുടെ ഭാഷകൾ ഇംഗ്ലീഷ്-മലയാള സമിശ്രമായി "മംഗ്ലീഷ്" എന്ന ഭാഷയിലേക്ക് മാറിയിരിക്കുന്നു.ഇന്ന് ആശയവിനിമയത്തിനു കൂടുതലായി ഉപയോഗിക്കുന്നതും ഈ ഭാഷയാണ് നവമാധ്യമസംസ്കാരത്തിന്റെ ഭാഗമാണ് ഈ ഭാഷ മാറ്റവും.

എന്നും രാവിലെ "ഒരു ഗ്ലാസ് ചായയും പത്രവും" അതായിരുന്നു മലയാളിയുടെ ശീലം.എന്നാൽ കണ്ണുതുറന്നാൽ നാം ഇന്ന് ആദ്യം നോക്കുന്നത് മൊബൈലുകളിലാണ്. എത്ര മണിക്കൂറുകൾ വേണമെങ്കിലും അതിൽ നോക്കിയിരിക്കാൻ നാം ഒരു മടിയും കാണിക്കാറില്ല എന്നതാണ് സത്യം.ഇന്നു നാം കാണുന്ന പല കൊലയാളികളുടെയും കൊലപാതങ്ങളുടെയും ചുരുളഴിഞ്ഞ രഹസ്യങ്ങൾ പരിശോധിച്ചാൽ അതിൽ വില്ലനായി മാറുന്നത് ഈ നവമാധ്യമമായിരിക്കും....'നവമാധ്യമം' എന്നു കേൾക്കുമ്പോൾ തന്നെ അരോജകമായി തോന്നുന്ന പലതും നമ്മുട സമൂഹത്തിലുണ്ട്.നവമാധ്യമസംസ്കാരത്തിന്റെ ഇരകളാണ് അതിൽ ഭൂരിഭാഗം പേരും.

"നവമാധ്യമം" എന്നത് ഒരിക്കലും തെറ്റായ ഒന്നാണ് എന്ന് ആരും പറയുകയില്ല. എന്തെന്നുവെച്ചാൽ അതിൽ ദോഷങ്ങളേക്കാൾ ഏറെയുള്ളത് ഗുണങ്ങളാണ്.ഇന്ന് ശരി കളെക്കാൾ ഏറെ തെറ്റുകളാണുള്ളത്.എന്നാൽ ആ തെറ്റുകൾ എന്നത് ശരികൾ ആകു മ്പോഴാണ് ഒരു മനുഷ്യൻ ജീവിതത്തിലും സമൂഹത്തിലും ഒരുപോലെ ജയിക്കുന്നത്.

നമ്മൾ ജീവിക്കുന്ന സാഹചര്യമാണ് നമ്മെ തെറ്റുകൾ ചെയ്യിക്കാൻ പ്രേരിപ്പിക്കുന്നത്. അതുകൊണ്ട് "നവമാധ്യമസംസ്കാരം" എന്നത് നാടിന്റെ നന്മക്കായി നാം വളർത്തിയെടുക്കണം.ഭാരതത്തിന്റെ സംസ്കാരം ഇതിലൂടെ നാം സമ്പന്നമാക്കണം "നവമാധ്യമസംസ്കാരം" എന്ന ആശയം നാം മറ്റുള്ളവരിലേക്ക് നന്മയുടെ ഭാഷയിൽ പകർത്തിയെടുക്കണം.ഭാരതീയ സംസ്കാരത്തിനെ അഭിമുഖീകരിക്കാൻ നവമാധ്യമസംസ്കാരത്തിന് കഴിയണം.അവിടെയായിരിക്കും ആ ആശയം വർണ്ണവിഭുലമാകുന്നത്.

# തൊഴിലിൽ നന്ദികേടുകാണിച്ചതിന്റെ പ്രതിഫലം

സ്റ്റെഫിൻ പീറ്റർ
VIII A



ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു മരപണിക്കാരൻ ഉണ്ടായിരുന്നു.അദ്ദേഹത്തിന്റെപേര് 'മത്തായി'എന്നായിരുന്നു. അദ്ദേഹത്തിന് ഒരു നല്ല വീടും ഭാര്യയും കുട്ടികളുമുണ്ടായിരുന്നു. എന്നും വീട്ടിലെ ചെലവിനുള്ളത് തന്റെ തൊഴിൽ കൊണ്ടു ലഭിക്കുമായിരുന്നു. വീട്ടുടമസ്ഥന് അവനെ വലിയ കാര്യമായിരുന്നു. കാരണം ജോലിക്കാരിൽ ഏറ്റവും നന്നായി പണിയെടുത്തിരുന്നത് അദ്ദേഹമായിരുന്നു. അദ്ദേഹം വളരെ ഏറെ ബുദ്ധിമാനായിരുന്നു.

ഒരു ദിവസം രാവിലെ മത്തായിയെ തോൽപ്പിച്ച് ഉടമസ്ഥന്റെ സ്നേഹവും പ്രതിഫലവും തനിക്കു ലഭിക്കണമെന്ന് മത്തായിയുടെ സുഹൃത്തായിരുന്ന ജോസഫ് തീരുമാനിച്ചു. അങ്ങനെ മത്തായിയുമായി മത്സരം നടത്താൻ ജോസഫ് തീരുമാനിച്ചു.മത്സരം ഇതായിരുന്നു.എറ്റവും കൂടുതൽ മരം വെട്ടുന്ന ആൾ അരാണ്? ഇതിന് ഒരു നിശ്ചയ സമയം ഉണ്ട്.രാവിലെ എട്ടുമണി മുതൽ വൈകുന്നേരം

നാലുമണിവരെ. മത്സരം ആരംഭിച്ചു.ഓരോമണിക്കൂർ ഇടവിട്ട് മത്തായി പത്തു മിനിട്ട് ഇടവേള എടുത്തു. പക്ഷേ ജോസഫ് മരം വെട്ടിക്കൊണ്ട് തന്നെ ഇരുന്നു. നാല് മണി  ആയപ്പോൾ മത്സരം അവസാനിച്ചു.

ഏറ്റവും കൂടുതൽ മരം വെട്ടിയത് മത്തായിയാണ്. പക്ഷേ ജോസഫിന് ഇത് വിശ്വസിക്കാനായില്ല കാരണം ഓരോ മണിക്കൂർ ഇടവിട്ടു മത്തായി പത്തു മിനിട്ടു ഇടവേള എടുത്തു. അപ്പോൾ മത്തായി പറഞ്ഞു ഈ പത്തു മിനിട്ടുകൾ ഞാൻ എന്റെ വെട്ടു കത്തിക്ക് മൂർച്ച കൂട്ടുകയായിരുന്നു. അങ്ങനെ മത്തായി ഉടമസ്ഥന്റെ പ്രതിഫലം വാങ്ങിച്ച് വീട്ടിൽ പോയി.

പിറ്റേ ദിവസം മത്തായി ഉടമസ്ഥനോട് പറഞ്ഞു, ഞാൻ എന്റെ ജോലി മതിയാക്കി ഭാര്യയുടെയും മക്കളുടെയും കൂടി ജീവിക്കാൻ പോവുകയാണെന്ന്. ഉടമസ്ഥന് വളരേയധികം സങ്കടം വന്നു .ഉടമസ്ഥൻ മത്തായിയോട് പറഞ്ഞു .അവസാനമായി ഒരു വീടു കൂടി നീ എനിക്ക് ഉണ്ടാക്കി തരണമെന്ന് പറഞ്ഞു. മത്തായി മനസ്സില്ലാ മനസ്സോടെ അതിന് തയ്യാറായി.അദ്ദേഹം വളരേ മോശമായ ഉപകരണങ്ങൾ കൊണ്ടും മോശമായ രീതിയിൽ അത് ഉണ്ടാക്കി ഉടമസ്ഥനെ ഏൽപ്പിച്ചു. ഉടമസ്ഥന് അത് ഇഷ്ടമായില്ല. ഉടമസ്ഥൻ അത് തിരിച്ച് മത്തായിയെ ഏൽപ്പിച്ചശേഷം പറഞ്ഞു ഇത് ഞാൻ നിങ്ങൾക്കു നൽകുന്ന എന്റെ സമ്മാനമാണ്.

ഇത് തന്റെ മനോഹരമായ തൊഴിലിൽ നന്ദികേട് കാണിച്ചതിന്റെ പ്രതിഫലം ആണ് എന്ന ബോധം ഉണ്ടായി. ചെയ്ത തെറ്റിൽ മനസ്തപിച്ച് അയാൾ വീട്ടിലേക്ക് മടങ്ങി.

# കനലമ്മ

ജോസിമ്മ ജോസഫ്

എച്ച്. എസ്. റ്റി .



ഇവിടെ എന്റെ കൂടെയൊരമ്മയുണ്ട്
തെരുവിൽനിന്നും കിട്ടിയതാണ്,
ദിക്കു തെറ്റി കാറ്റിൽ പറന്ന പട്ടമാണ്,
ഉറവ വറ്റിയ കണ്ണുകളാണ്,
തുമ്പിക്ക് ചുറ്റമോട്ടമൊരു,
പിഞ്ചുബാലികയുടെ മുഖമാണ്.
കരയില്ല ചിരിക്കില്ല-
അലറില്ല കുതറില്ല
പിറുപിറുക്കൽ മാത്രം.

അടുപ്പിലെ കനലിൽ വെള്ളുള്ളി-
ചുട്ടെന്റെയുണ്ണിക്ക് കൊടുക്കണം,
നാരങ്ങനീരിൽ ചാലിക്കുവാൻ
കൽക്കണ്ടം വാങ്ങണം.
ചുമയേറെയുണ്ടിന്നുറങ്ങിയിട്ടില്ലവൻ
പുലർകാലേയുണരണം,പൊതിച്ചോറ്
കെട്ടണം,പാഠശാലയിലയക്കണം,
പഠിച്ചവൻ മിടുമിടുക്കനാകണം.
ചിങ്ങത്തിൽ മുറ്റത്ത് പൂക്കളം
തീർക്കുവാൻ കൂട്ടായി ഞാൻ കൂടെവേണം.

പൊന്നുപോൽ തിളങ്ങുന്ന കൊന്ന-
പ്പൂക്കളുമായ് എൻ കുഞ്ഞുവരുന്നുണ്ട്,
മേടമാസമായോ?വിഷുക്കണി
ഒരുക്കണം,കൈനീട്ടം കൊടുക്കണം
വാവലുകൊത്തിയ പഴമൊന്നും തിന്നില്ല
കൊതുകിന്റെ കടികൊള്ളാൻ
പുറത്തെങ്ങും പോയില്ല,
പൊള്ളുന്ന പനിയെന്റെ തങ്കക്കുടത്തിന്
ചൂടാണെനിക്കുമിന്നകത്തും പുറത്തും,
നിലയില്ലാക്കയമാണ് മാനസമെങ്കിലും
നിലക്കാത്ത മാതൃസ്നേഹപ്രവാഹം.

ഉറവവറ്റിയ കണ്ണുകളിലൂതിരുന്ന
"ചുടുകണ്ണീർ'തിളങ്ങുന്ന സൂചിപോൽ.
ഇതു "മാമ്പഴ"-ത്തിലെയമ്മയുടെ
പുനർജ്ജനി,"കേട്ട ബാധിച്ച"
പാവം മനസ്സാണ്,തഴുകുവാൻ
ഇളംകാറ്റുപോലും മറന്നുവോ.

# നവമാധ്യമസംസ്കാരവും പുതുതലമുറയും

**സേതുലക്ഷ്മി.പി**
**IX A**



ആരു കണ്ടാലും മായാത്ത മധുരമുള്ള ഓർമ്മയായി നിലനിന്നിരുന്ന നമ്മുടെ ഭാരതം.ഭാരതീയ സംസ്കാരം മറ്റെന്തിനെക്കാളും ശ്രേഷ്ഠമാണ്.അതിന്റേതായ മഹത്വം  ഉൾക്കൊണ്ട ഒന്നായിരുന്ന ഭാരതിയ സംസ്കാരം.

*"ഭാരതമെന്ന പേരുകേട്ടാൽ.......*
*അഭിമാനപൂരിതമാകണമന്തരംഗം"*

എന്ന നാം ഓരോ ഭാരതീയരും പറയുന്നതാണ്.നാം ഒരേ അമ്മയുടെ മക്കളാണ്.വൈവിധ്യങ്ങളുടെ നാടാണ് നമ്മുടെ ഭാരതം.സംസ്കാരിക പൈതൃകത്തിൽ ലോകമെമ്പാടും ആദരിക്കുന്ന ഒരു സംസ്കാരമായിരുന്ന ഭാരതീയ സംസ്കാരം.എന്നാൽ ഇന്ന് ആ സംസ്കാരം എവിടേക്കാണ് പ്രയാണം ചെയ്യുന്നത്? എവിടെ വെച്ചാണ് നമ്മുടെ കണക്കുകൂട്ടലുകൾ പിഴച്ചത്?എന്തുകൊണ്ടാണ് നമ്മുക്ക് ഇന്ന് ഇങ്ങനെ സംഭവിച്ചത്?

ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ ഈ അവസ്ഥക്ക്കാരണമെന്താണ്? ഭാരതത്തിന്റെ പുരോഗതിക്ക് വളരെയധികം സഹായകരമാണ് നവമാധമ്യങ്ങൾ. മൊബൈൽ ഫോൺ വ്യാപകമായതോടെയാണ് നവമാധ്യമ ഉപയോഗം വർദ്ധിച്ചത്.ഇന്ന് സ്മാർട്ട് ഫോണുകളിൽ ഇന്റർനെറ്റ് സൗകര്യം യഥേഷ്ടം ലഭ്യമാണ്.

പഠന വിഭവങ്ങൾ, ജോലി സംബന്ധമായ ആവശ്യങ്ങൾ തുടങ്ങി നല്ല കാര്യങ്ങൾക്കു വേണ്ടി ഇന്റർ നെറ്റ് സൗകര്യം ഉപയോഗിക്കണം. ഫേസ്ബുക്ക് ,വാട്സ് ആപ്പ്,ട്വിറ്റർ തുടങ്ങിയ നവമാധ്യമങ്ങളെ വളരെ നല്ല രീതിയിൽ വിനിയോഗിക്കുന്നതിന് സാധിക്കും.എന്നാൽ ഇവയെ വർഗ്ഗീയ കലാപങ്ങൾക്കും അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനും ഒക്കെ ഉപയോഗിക്കുന്നത് ദുഃഖകരമാണ്.സെൽഫി പ്രേമവും ചിത്രങ്ങൾക്ക് ഫേസ്ബുക്കിലും മറ്റും ലഭിക്കുന്ന ലൈക്കുകളോടുള്ള പ്രിയവും ചിലപ്പോഴെങ്കിലും അപകടം വിളിച്ചു വരുത്തുന്നു. നമ്മുടെ ഭാരതം ഇത്രയും അധഃപതിച്ചു പോയതിന്റെ ഒരു കാരണവും നവമാധ്യമങ്ങളുടെ തെറ്റായ ഉപയോഗം തന്നെയാണ്.നവമാധ്യമങ്ങളുടെ ഉപയോഗം ഒരു നാണയത്തിന്റെ ഇരുപുറങ്ങൾ പോലെ ഗുണവും ദോഷവുമുള്ളതാണ്.

"നമുക്ക് നാമേ പണിവതു നാകം നരകവുമതുപോലെ". എന്നു പറയുന്നതുപോലെ നമ്മൾ തന്നെ ഗുണത്തെക്കാൾ ഏറെ ദൂഷ്യ വശങ്ങളെ ഉപയോഗിച്ചു നമ്മുടെ നാശത്തിലേക്ക് നമ്മെ നയിക്കുന്നു.ഭാരതത്തിന്റ പുരോഗതിക്ക് വേണ്ടി ഉപയോഗിക്കേണ്ട മാധ്യമങ്ങൾ നാം ഉപയോഗിക്കുന്നത് തിന്മയ്ക്കു വേണ്ടിയാണ്. ഈ കാരണങ്ങൾ കൊണ്ടാണ് നമ്മുടെ നാട് ഇന്ന് അധഃപതനത്തിലേക്ക് കൂപ്പുകുത്തിയത്.

നവമാധ്യമങ്ങളുടെ പ്രസക്തി ഇന്ന് വളരെ ശ്രദ്ധേയമാണ്...ലോകത്തെ ഇന്ന് വിരൽ തുമ്പിൽ നിർത്താൻ മാധ്യമങ്ങൾക്ക് കഴിയുന്നുണ്ട്.അതുകൊണ്ട്തന്നെ അതിന്റെ ഉപയോഗം ഇന്ന് വർദ്ധിച്ചുവരുന്നു.കണ്ണടച്ചു തുറക്കുന്നതിലും വേഗത്തിലാണ് എല്ലാം ഇന്നു മാറി മറിയുന്നത്.

ഒത്തിരി ദൂഷ്യവശങ്ങളുള്ള നവമാധ്യമങ്ങൾ നല്ലതിനുവേണ്ടി മാത്രം ഉപയോഗിക്കുക.ആധുനിക കാലഘട്ടത്തിൽ മനുഷ്യൻ വളർന്നതിന്റെ ഒപ്പം സാംസ്കാരിക പൈതൃകവും വളർന്നുവരേണ്ടതുണ്ട്.

നാടിന്റെ നന്മയ്ക്കുവേണ്ടിയാകണം നവമാധ്യമങ്ങളുടെ ഉപയോഗം. അത് നാടിന്റെ നന്മയ്ക്കും പുരോഗതിക്കും വേണ്ടിയാകട്ടെ...

# ആ ഭീകരമായ സ്വപ്നം

കൃപ ജോജി
IX A



അമ്മ....അമ്മ....ഞാൻ പൊവണ് .... വരാൻ വൈകും കേട്ടോ.അവൾ പതുക്കെ നടക്കാൻ തുടങ്ങി. അവൾ അതെല്ലാം ഓർത്ത് നടക്കുകയാണ്.പെട്ടെന്ന് ഒരു ഹോണടി കേട്ട് അവൾ ഞെട്ടി.അവൾ സൈഡിലേക്ക് മാറി.ബസ്സ്സ്റ്റാന്റിൽ എത്തി.ബസ്സിൽ കയറി.

അവളുടെ ക്ലാസ്സിൽ കയറി ബഞ്ചിൽ ഇരുന്നു.ഒന്ന് ഡസ്കിൽ കിടന്നു.അവൾ അതെല്ലാം ഓർത്ത് ഉറങ്ങിപ്പോയി.

പ്രെയർ ബെല്ല് അടിച്ചു.അവൾ ഞെട്ടി എഴുന്നേറ്റു.ക്ലാസ്സ് തുടങ്ങി. അവളുടെ ശ്രദ്ധ ക്ലാസ്സിൽ ഒന്നും അല്ലായിരുന്നു.പെട്ടെന്ന് ടീച്ചർ വിളിച്ചു.ലക്ഷ്മി...

ഉം...എന്തേ...എന്തുപ്പറ്റി.അവൾ പറഞ്ഞു ഒന്നുമില്ല ഒന്നുമില്ല.എന്നാൽ ക്ലാസ്സിൽ ശ്രദ്ധിച്ചിരിക്ക്.ശരി ടീച്ചർ.എന്നാലും അവളുടെ നോട്ടം വേറെ എവിടേക്കോ ആയിരുന്നു. സ്കൂൾ കഴിഞ്ഞു.

അവൾ പതുക്കെ നടക്കുകയായിരുന്നു.അവൾ ശരിക്കും വിയർക്കുന്നുണ്ട്.കൈകാലുകൾ വിറച്ച് അവൾ ഓരോ അടിയും നടക്കുന്നു.പിന്നിൽ നിന്ന് ഒരുഹോണടി കേട്ടു.അവൾ ഞെട്ടി വിറച്ച് അവൾ അവിടെ സ്തംഭിച്ചു നിന്നു.അത് അവരാണ് എന്ന് അവൾ വിചാരിച്ചു.. എന്നാൽ അത് അവരായിരുന്നില്ല.പിന്നെയും അവൾ നടന്നു. അവൾ.. ഓരോ ചുവടിലും അവൾ പേടിച്ച് നടന്നു.

അവൾ വീട്ടിലെത്തി.ഇന്ന്എക്സ്ട്രാ ക്ലാസ്സ് ഇല്ലായിരുന്നോ? ഉണ്ടായിരുന്നു, ഞാൻ നിന്നില്ല അമ്മേ... എന്ത് പറ്റി. ആ...

എനിക്ക് തല കറങ്ങുന്നു. ശരീരം വേദനയും പനിയും. ആകെ വയ്യ.

എന്നാൽ മോൻ ദേഹം കഴുകി വാ !അമ്മ കഞ്ഞിയും അച്ചാറും വാരി തരാം.ചെല്ല്

അവൾ മുറിയിൽകയറി.

ദേഹം കഴുകി.അവൾ എല്ലാം കഴിഞ്ഞ് ഇറങ്ങി.കഞ്ഞി കുടിക്കാൻ
അവൾ പിടിച്ച് പിടിച്ച് നടന്ന് എത്തി.
കഞ്ഞി കുടിച്ച് അവൾ കിടക്കാൻ പോയി. കിടന്നപ്പോൾ അവൾ ആകെ പേടിച്ചിരുന്നു.അവൾ പതുക്കെ മയങ്ങി.എന്നിട്ടും അവൾ ഉറങ്ങിയില്ല.
ആ രണ്ട് ഭീകരമായ മുഖങ്ങൾ...
അവൾക്ക് ആരോടെങ്കിലും പറയണം എന്ന് ഉണ്ടായിരുന്നു. പക്ഷേ പറ്റുന്നില്ല.പിറ്റേന്ന് രാവിലെ അവൾ സ്കൂളിൽ പോയി.അവളുടെ ഒറ്റ സുഹൃത്തായ സ്നേഹയോട് അവൾ പറയാം എന്ന് കരുതിയിരുന്നു.അവൾ അത് പറഞ്ഞു.
എനിക്ക് നിന്നോട് ഒരു കാര്യം പറയണം.
പറ മുത്തേ.
എന്നെ ഒരാൾ പിന്തുടരുന്നു. അവർ എന്നെ ഒരു ദിവസം ട്യൂഷൻ ക്ലാസ്സും കഴിഞ്ഞ് വന്നപ്പോൾ അവർ വന്ന് എന്നെ അടിച്ച് താഴത്തിട്ടു.ഞാൻ ബോധം കെട്ട് വീണു.പിന്നെ ഞാൻ കണ്ണു ഉറക്കുമ്പോൾ എവിടെയോ.. എനിക്കറിയില്ല. പിന്നീട് എന്റെ ഫോണിൽ വിളി വന്നു.ഞാൻ എടുത്തു.ഒരു ഭീകരമായ ശബ്ദം.ഞങ്ങൾക്ക് എല്ലാം കിട്ടി. ഞങ്ങൾ പറയുന്നയിടത്ത് വന്നാൽ ഞങ്ങൾ അത് ആർക്കും ഷെയർ ചെയ്യുകയില്ല. പറയുന്നത് അനുസരിച്ചാൽ മാത്രം.ഇല്ലെങ്കിൽ പിന്നെ ഞങ്ങൾ ഒന്നും പറയേണ്ടല്ലോ.നിനക്ക് തന്നെ എല്ലാമറിയാം. അന്ന് ഞാൻ ഉറങ്ങിയില്ല.
അമ്മയോട് പറയണോ?എന്ന് എനിക്കറിയില്ല.
ഞാൻ പറഞ്ഞ് തരാം നീ പോലീസിൽ കംപ്ളെയിന്റ് കൊടുക്ക്.നീ പോകുമ്പോൾ അമ്മയെ കൂടെ കൊണ്ടു പോകണം. അങ്ങനെ അവൾ പോയി.അവരെ പിടികൂടി.

പിന്നീട് അവൾ ഒരു പുതിയ ജീവിതത്തിലേക്ക് മടങ്ങി.പിന്നെയുള്ള ഓരോ ദിനവും സന്തോഷ പൂർണ്ണമായി. ഒരു മുല്ലപ്പൂവിനെപ്പോലെ തിളങ്ങി.മോളെ എഴുന്നേൽക്കു സമയമായി സ്കൂളിൽ പോകേണ്ടേ.
അമ്മേ... ഞാൻ ഒരു സ്വപ്നം കണ്ടു പറയാം കേട്ടോ.

പിന്നെ അവൾ ആ സ്വപ്നത്തെ ഓർത്ത് വാചാലയായി.....

# നിഴലാട്ടം

സോഫി ജേക്കബ്
യു. പി. എസ്. റ്റി.



അകലുന്ന മലയാളിതൻ ശുഭ ശുഭ്ര ശുദ്ധി
വസ്ത്രത്തിലും ഹൃത്തിലും വാസഗൃഹത്തിലും
നിഴലാണാടുന്നതെവിടെയും ചാണകത്തറയിലും
നിഴൽക്കൊട്ടിലെ അകത്തളങ്ങളിലും

താതൻ തൻ കാലടികളെ ഭയക്കുന്ന
ചെറുപരൽപോലെ പിടയുന്ന
പിഞ്ചു നിറമിഴികൾക്കു താഴെ
സഞ്ചിതമാകുന്ന കരിനിഴലുകൾ.

സ്കാനിംങ്ങ് നിഴൽ ചിത്രങ്ങളിലെ
സ്ത്രീപ്രജയുടെ വിലാപങ്ങളിൽ
നിഴലിനെ പ്രകാശമായിക്കാണാൻ
വിസമ്മതിക്കും ഭയാർത്ത മാതൃത്വം.

ഇരുളിലെ രാകേന്ദു വെട്ടത്തിൽ
മൊബൈലിൻ ചതുരത്തിളക്കത്തിൽ
മാദകത്വം തുളുമ്പും മേനിയഴകുകൾ
കാതു തകർക്കും അസുരനാദങ്ങൾ.

തൃണതുല്യം,യുവത്വത്തിൻ താരുണ്യം
ദ്രവിക്കുന്നു തൃഷ്ണതൻ ഇരയാൽ
ഉയരാത്ത ദാസ്യശിരസ്സിനുടമകൾ
നീലത്തിമിംഗല കളിപ്പാവകൾ.

സ്ത്രീ പരനോടരുതെന്നലറുന്ന
നിരംബര തമാറുകൾ യാദവകുലീനകൾ
നിരർത്ഥക 'ജോഹറി'ൽ അഭയംതേടും
ഉടവാളിൻ ഉടയവളല്ലാത്ത പത്മാവതിയും

പ്രകാശത്തെ വെറുക്കും കറുക്കും തലകൾ
നിർമ്മമത നിഴലും വാർദ്ധക്യമനസ്സുകൾ
വൃദ്ധസദനമെന്ന വർണ്ണക്കൂടിൽ
നിഴലെണ്ണി മരവിക്കാനുള്ള ജന്മങ്ങൾ.

ആൺ കമ്മലുകളുടെ നിയമസാധുതയും
ജിമിക്കി കമ്മലുകളുടെ പുറംപൂച്ചുകളും
ലഹരി മദ്യ മാഫിയകളുടെ നിഴൽക്കുത്തുകളും
നിരാഭമാകും കുടുംബബന്ധങ്ങളും.

തിരിച്ചുനടക്കുക നിഴലിൻ ഉറവിടത്തിലേക്ക്
തച്ചുടച്ചതിന്റെ മറവിലേയ്ക്ക്.
ഈച്ച തൻ കാഴ്ചപോലെ
മുറിഞ്ഞതെങ്കിലും മൂർത്തമാം
നിരഞ്ജനമിഴികളാൽ നിറയും
മിഴിവാർന്ന ചിത്രങ്ങളിലേയ്ക്ക്.
ചിപ്പി തൻ നിഴലിലെ നൊമ്പരം
ഇരുളിൽ ജ്വലിക്കും ശബളമാം മുത്താവാം.

# നവകേരളം



അമീൻ മുഹമ്മദ്
IX A

കലയുടെയും,സംസ്കാരത്തിന്റെയും,പ്രകൃതി രമണീയതയുടെയും പകിട്ടേറിയ കേരളം. ദൈവത്തിന്റെ സ്വന്തം നാടെന്ന് പ്രസിദ്ധിയാർന്ന കേരളം.നദികളും,പുഴകളും നിറഞ്ഞൊഴുകുന്ന കേരളം.ചരിത്രത്തിന്റെ വൈവിദ്ധ്യ സമ്പന്നമായ കേരളത്തിൽ ധാരാളം രക്തസാക്ഷികളും,ചരിത്രം പകർന്ന തന്ന വിശിഷ്ട വ്യക്തികളും ജീവിച്ചിരിന്നിട്ടുണ്ട്.പച്ചപ്പരവതാനി വിരിച്ച പുൽമേടുകൾ,സംഗീതത്തിന്റെ ഈണത്തിലൊഴുകുന്ന പുഴകൾ.. അതിലൂടെ തെന്നി വരുന്ന സുഗന്ധപൂരിതമായ കാറ്റും,മേഘങ്ങളോടു ചേർന്ന നിൽക്കുന്ന പർവതങ്ങൾ.. ഇവയെല്ലാം കേരളത്തിൽ കണ്ടുവരുന്ന പ്രകൃതി സുന്ദരമായ കാഴ്ചകളാണ്.

പ്രശസ്ത കവയത്രിയും , എഴുത്തുകാരിയും , സാഹിത്യകാരിയുമായ അരുന്ധതി റോയ് കേരളത്തെ പറ്റി ഇപ്രകാരം പറയുന്നു:"ഇനി ഒരു ജന്മം ഈ കേരളത്തിൽ തന്നെ ജനിക്കുവാൻ കഴിയുമായിരുന്നെങ്കിൽ”....കേരളം അവരുടെ കണ്ണിൽ വളരെ വലുതാണ്.പ്രകൃതിസൗന്ദര്യം ആസ്വദിച്ചാണ് അവർ പറയുന്നത്

എന്നാൽ ഈ മനുഷ്യൻ പ്രകൃതിയെ ദുരുപയോഗപ്പെടുത്തുകയും സുന്ദരമായ പുഴകൾ മലിനമാക്കുകയും ഈശ്വരനോടു ചേർന്ന നിൽക്കുന്ന മലകൾ പാറകൾക്കു വേണ്ടി നശിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇപ്പോൾ മാഫിയകളുടെ കൈയിലും. അവർ അത് ദുരുപയോഗപെടുത്തുന്നു. .

ഇപ്രകാരം ദുരുപയോഗപ്പെടുത്തി വേദനിപ്പിച്ച പ്രകൃതി മനുഷ്യനെതിരെ തിരിഞ്ഞ് ദുരുപയോഗപ്പെടുത്തിയവർക്ക് പ്രളയംകൊണ്ട് മറുപടി നൽകി.പ്രകൃതിയുടെ ശക്തിയും കരുത്തും കാണിച്ചു കൊടുത്തു. പ്രകൃതിക്കുണ്ടായതുപോലെ മനുഷ്യനും ധാരാളം നാശനഷ്ടവും ജീവഹാനിയും ഉണ്ടായി. ഇക്കണ്ടതിൽവച്ച് ഏറ്റവും ഭയാനകവും ആശ്ചര്യവും ഏറിയതുമാണ് 2018 ലെ ജലപ്രളയം. പ്രകൃതിയുടെ മറ്റൊരു മുഖം മനുഷ്യർ കണ്ടു.ഇതുവരെ നശിപ്പിച്ചുകൊണ്ടിരുന്ന മനുഷ്യർ ഒറ്റക്കെട്ടായി നിന്ന് പ്രകൃതിക്ഷോഭത്തെ നേരിട്ടു.ഇനിയൊരു പ്രകൃതി ക്ഷോഭം വന്നാൽ ഒറ്റക്കെട്ടായി നേരിടുമെന്നും അത് ഉണ്ടാകാതിരിക്കാൻ ശ്രമിക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു.

# ഡൽഹിയിലൂടെ

ആഷ്ന ആർ
IX B



ആലപ്പുഴ നഗരസഭയും സാമൂഹിക ശാസ്ത്രക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച മോഡൽ പാർലമെന്റിൽ പങ്കെടുക്കവെ അത് ഉദ്ഘാടനം ചെയ്യാൻ എത്തിയ ബഹുമാനപ്പെട്ട എം.പി ശ്രീ വേണുഗോപാൽ സാർ അവിടെ ഉണ്ടായിരുന്ന 60 കുട്ടികളോട് നിങ്ങൾ പാർലമെന്റ് കണ്ടിട്ടുണ്ടോ എന്ന് ചോദിച്ചു. എല്ലാവരും ഒറ്റ സ്വരത്തിൽ പറഞ്ഞു ഇല്ലാ എന്ന്.അപ്പോൾ അദ്ദേഹം ഒരു വാഗ്ദാനം മുന്നോട്ട്. വച്ചു.ഞങ്ങളെ എല്ലാവരെയും പാർലമെന്റ് സന്ദർശനത്തിന് കൊണ്ട് പോകാം എന്ന്.

അങ്ങനെ ഏറെ നാളത്തെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് ഒക്ടോബർ 17 ന് ആലപ്പുഴ റെയിൽവേസ്റ്റേഷനയിൽ നിന്ന് 126 പേർ അടങ്ങിയ സംഘം യാത്ര തിരിച്ചു. രണ്ടര ദിവസത്തെ ട്രെയിൻ യാത്രയ്ക്ക് ശേഷം 19-ാം തീയതി ഞങ്ങൾ ഡൽഹി എന്ന മഹാനഗരത്തിൽ എത്തി .തുടർന്ന് അക്ഷർദാം,ഇന്ത്യാഗേറ്റ്, ഹുമയൂൺ ശവകുടീരം, ബിർളാമന്ദിർ ,താജ്മഹൽ ,ലോട്ടസ് ടെംപിൾ, രാജ്ഘട്ട്, വീരഭൂമി കിസാൻഘട്ട് , പാലമെൻറ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു .ഈ സന്ദർശനത്തിലൂടെ ഇന്ത്യയുടെ സംസ്കാരത്തെ തൊട്ടറിയാൻ ഞങ്ങൾക്ക് കഴിഞ്ഞു. ജനാധിപത്യത്തിന്റെ ശ്രീകോവിലായ പാർലമെന്റ് സന്ദർശനം ഒരു ഇന്ത്യൻപൗരൻ എന്ന നിലയിൽ അഭിമാനം കൊണ്ട നിമിഷം ആയിരുന്നു.

## താജ്മഹൽ

ലോകാത്ഭുതകളിൽ ഒന്നായ താജ്മഹൽ യമുന നദിക്കരയിൽ സ്ഥിതി ചെയ്യുന്നു. മുഗൾ ചക്രവർത്തിയായ ഷാജഹാൻ തന്റെ പത്നി മുംതാസ് മഹലിന്റെ സ്മരണക്കായി പണികഴിപ്പിച്ചതാണിത് . പേർഷ്യൻ ,ഒട്ടോമൻ, ഇന്ത്യൻ,ഇസ്ലാമിക് എന്നീ വാസ്തുവിദ്യാ മാതൃകൾ കൂടിചേർന്നുണ്ടായ മുഗൾ വാസ്തുവിദ്യയുടെ ഉത്തമ ഉദാഹരണമാണിത്.

## രാജ്ഘട്ട് ,വീർഭൂമി ,കിസാൻഘട്ട് ......

ഇന്ത്യയുടെ ചരിത്രം തൊട്ടറിഞ്ഞ മഹത്വ്യക്തികളുടെ ശവസംസ്കാരം നടത്തിയ സ്ഥലങ്ങളാണിവ .ഈ സ്മാരകങ്ങളെല്ലാം ഇന്ത്യൻ ചരിത്രത്തിന്റെ സുവർണ ലിപികളിൽ  രേഖപ്പെടുത്തിയിട്ടുണ്ട് .

അക്ഷർധാം എന്നും ഡൽഹി അക്ഷർധാം എന്നും പേരുകൾ ഉണ്ട്. ഇന്ത്യൻ ഹിന്ദു സംസ്കാരത്തിന്റെ പാരമ്പര്യത്തെയും ആത്മീയതയേയും കാണിക്കുന്ന ഒന്നാണിത്. ഈ അമ്പലം സ്ഥിതി ചെയുന്നത് യമുനയുടെ തീരത്താണ്. കല്ലിൽ തീർത്ത സ്വാമി നാരായണന്റെ ശില്പവും, ഇന്ത്യ ചരിത്രവുമായി ബന്ധപ്പെട്ട അനവധി പ്രദർശനങ്ങളും, ഒരു വലിയ സംഗീതധാരയന്ത്രവും സ്ഥിതി ചെയുന്നു .

## ഇന്ത്യ ഗേറ്റ് .....

ലോകത്തിലെത്തനെ ഏറ്റവും വലിയ യുദ്ധ സ്മാരകകളിൽ ഒന്നാണ് ഇന്ത്യ ഗേറ്റ്. ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയുടെ ഹൃദയഭാഗത്താണ് ഇത് സ്ഥിതിചെയ്യുന്നത്. ഇതിന്റെ ശില്പി എഡ്വിൻ ലൂട്ടൻസ് ആണ്.

## ഹുമയൂൺ ശവകുടീരം

മുഗൾ ചക്രവർത്തി ഹുമയൂണിന്റെ ശവകുടീരം ദില്ലിയിൽ സ്ഥിതിചെയ്യുന്നു. യുനെസ്കോയുടെ ലോകപൈതൃകങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുള്ള ശവ കുടീരത്തിന്റെ  ഇത്തരത്തിലുള്ള വാസ്തുശില്പരീതി ഇന്ത്യയിൽ ആദ്യത്തെയാണ് .ഇന്ത്യൻ വാസ്തുശില്പരീതിയിൽ പേർഷ്യൻ രീതിയുടെ സങ്കലനമാണ് ദർശിക്കാനാവുക.

# ബിർലാ മന്ദിർ


ഡൽഹിയിലെ ഒരു മ്യൂസിയമാണ് ബിർള ഹൗസ് എന്നറിയപ്പെടുന്ന ബിർള മന്ദിർ. മഹാത്മാഗാന്ധി 1948 ജനവരി 30 ന് കൊല്ലപ്പെടുന്നതിന് മുൻപ് അവസാന 144 ദിനങ്ങൾ കഴിച്ചു കൂട്ടിയത് ഇവിടെയായിരുന്നു . ഇന്ത്യസർക്കാർ 1971 ൽ ഇത് ഏറ്റെടുക്കുകയും 1973 ഓഗസ്റ്റ് 15 ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു.

# പാർലമെന്റ്

ഏറ്റവുമൊടുവിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ ശ്രീകോവിലിലേക്കായിരുന്നു_ ഞങ്ങളുടെ യാത്ര . സ്വപ്നസാക്ഷ്കാരത്തിന്റെ നിമിഷമായിരുന്നു അത്. ഭരണഘടനയനുസരിച്ച് ഇന്ത്യൻ യൂണിയന്റെ കേന്ദ്രനിയമനിർമ്മാണസഭയാണ് ഇന്ത്യൻ പാർലമെന്റ്.സൻസദ് എന്ന് പറയുന്നത് സംസ്കൃതത്തിലെ വീട് എന്ന് അർത്ഥമുള്ള ഒരു പദമാണ്. ഇതിൽ നിന്നാണ് സൻസദ് ഭവൻ അഥവാ പാർലമെന്റ് മന്ദിരം എന്ന പേര് വന്നത്.

അങ്ങനെ 9 ദിവസത്തെ ഡൽഹി യാത്രയ്ക്ക് ശേഷം 25 ാം തീയതി ഉച്ചയ്ക്ക് ഞങ്ങൾ തിരിച്ചെത്തി. ഇവിടെ ഞങ്ങൾക്ക് നൽകിയ സ്വീകരണം ഞങ്ങളെ വളരെയേറെ സന്തോഷിപ്പിച്ചു. അതിനുശേഷം ഞങ്ങളുടെ യാത്രയ്ക്ക് എല്ലാവിധ സൗകര്യങ്ങളുമൊരുക്കിത്തന്ന എം.പി.ശ്രീ. വേണുഗോപാൽ സാറിന് നന്ദിയറിയിച്ചുകൊണ്ട് ഞങ്ങൾ കത്തെഴുതി പോസ്റ്റ് ചെയ് തു.അങ്ങനെ ഞങ്ങളുടെ സ്വപ്നം യാഥാർഥ്യമായി.

# ജീവിതത്തിലേക്ക് ഒരു കൈത്താങ്ങ്



അജയ് മോഹൻ

IX A



# കാലത്തിന്റെ പൊയ്മുഖങ്ങൾ

വർഷ ബി
IX A



കഴിഞ്ഞുപോയ എന്റെ പ്രണയകാലങ്ങൾ...... ഞാൻ എത്ര സന്തോഷവതിയായിരുന്ന ആ കാലഘട്ടങ്ങളിൽ . എന്റെ സ്നേഹിതൻ എന്ന് കരുതിയിരുന്ന എന്റെ ജീവിതത്തെ തകർക്കാൻ വന്ന കാലൻ. അവന്റെ മുഖം എന്തുകൊണ്ടോ എനിക്ക് ഓർത്തെടുക്കാൻ കഴിയുന്നില്ല.

ഡിസംബർ 20 എന്ന ദിവസം ഞാൻ ഒരിക്കലും മറക്കില്ല. എന്റെ മാതാപിതാക്കളെ ഞാൻ മറക്കാൻ തുടങ്ങിയ ദിവസം,അവന്റെ വലയിൽ ഞാൻ എങ്ങനെ വീണുപോയി എന്ന് എനിക്കറിയില്ല. എന്റെ മനസ്സിനെപോലും നിയന്ത്രിക്കാനാവാത്ത നിലയിലായിരുന്ന എന്റെ ചിന്തകൾ.

ഊണും ഉറക്കവുമില്ലാതെ നിരഞ്ജൻ എന്ന ഒരേ ഒരു പേരുമാത്രമായി എന്റെ മനസ്സിൽ. എന്നും കൃത്യമായി നടന്നിരുന്ന ഒരു കാര്യവും അന്ന് നടന്നില്ല. എന്റെ മനസ്സിൽ എന്തോക്കെയോ കടന്നുകൂടി. എന്തു ചെയ്യണമെന്ന് എനിക്കറിയില്ല,

എന്നും ഫോണിൽ വിളിച്ചുകൊണ്ടിരുന്ന അവൻ എന്നെ വിളിച്ചില്ല. ഞാൻ ബന്ധപ്പെടാൻ ശ്രമിച്ചിട്ടും കഴിയുന്നില്ല.എന്തു ചെയ്യണമെന്ന് അറിയാതെ വളരെ വികൃതമായി ഞാൻ എന്തൊക്കയോ ചിന്തിക്കുകയോ ചെയ്തുകൂട്ടുകയോ ചെയ്തു. രണ്ട് ദിവസം ഞാൻ എങ്ങനെ കഴിച്ചുകൂട്ടി എന്ന് എനിക്കറിയില്ല.

എന്നാൽ രണ്ടാം ദിവസം അവൻ എന്നെ വിളിച്ചു ആദ്യം എനിക്ക് എന്തെന്നില്ലാത്ത ദേഷ്യമായിരുന്നു അവനോട്. എന്നാൽ പിന്നീട് അവന്റെ മധുരമായ സംസാരത്തിൽ ഞാൻ വഴുതി വീണു.

രണ്ട് ദിവസം കഴിഞ്ഞാൽ എന്റെ പിറന്നാളായിരുന്നു. എന്നാൽ അവനിലായിരുന്ന പ്രണയമെന്ന വികാരതയിൽ ഞാൻ അത് മറന്നുപോയിരുന്നു.

അന്നാദ്യമായി അവൻ എന്റെ പിറന്നാൾ ദിവസം പുറത്ത് ഒരു സ്ഥലത്ത് പോകാൻ എന്നെ വിളിച്ചു .എവിടെയാണെന്ന് ചോദിച്ചിട്ടും അവൻ കാണാം എന്ന് പറഞ്ഞ് എന്നെ കൂട്ടികൊണ്ടുപോയി . യാതൊന്നും മറിച്ച് ചിന്തിക്കാതെ ഞാൻ അവന്റെ കൂടെയിറങ്ങി പോയി .......

അന്ന് എന്റെ മാതാപിതാക്കൾ എനിക്ക് വാങ്ങിയ പിറന്നാൾ സമ്മാനംപോലും ഞാൻ കണ്ടില്ല.ഞങ്ങൾ ചെന്നെത്തിയത് എനിക്ക് യാതൊരു പരിചയവുമില്ലാത്ത ഒരിടത്തായിരുന്നു. ഏതാണാസ്ഥലം എന്നു പോലും ഞാൻ ഓർക്കുന്നില്ല. ഒരു നിറഞ്ഞ അന്ധകാരമായിരുന്നു അത്.കണ്ടാൽ പഴയ ഒരു ബംഗ്ലാവ് പോലെയായിരുന്നു ആ കെട്ടിടം.വെളിച്ചമില്ലായിരിന്നു .അവൻ ഒരു മെഴുകുതിരി അവിടെ കത്തിച്ചുവെച്ചു. അവിടെ പല നിറത്തിലുള്ള പാനീയങ്ങൾ ഉണ്ടായിരുന്നു. അത് ഞാൻ കുടിച്ചു.അതിനു ശേഷം കുറച്ചുസമയം എനിക്ക് ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല.

ചിന്തിച്ചിട്ട് എന്താണെന്ന് മനസ്സിലായില്ല...............

പെട്ടന്നാണ് ഞാൻ കുറച്ച് ചെറുപ്പക്കാരായ മുടി നീട്ടിവളർത്തിയ ആൺകുട്ടികളെ കണ്ടത്.... അപ്പോൾ തന്നെ എന്റെ കണ്ണുകൾ മങ്ങി.... എന്റെ ബോധവും പോയി.

പിറ്റേ ദിവസമാണ് ഞാൻ കണ്ണുകൾ തുറന്നത്.ഞാൻ ചുറ്റുപാടും നോക്കി ആരയും കണ്ടില്ല. ഞാൻ എങ്ങനെ ഇവിടെ എത്തി എന്നു പോലും ഓർക്കുന്നില്ലായിരുന്നു. അപ്പോഴാണ് എന്റെ നഗ്നമായ ശരീരം ഞാൻ കണ്ടത്. കുറച്ചു നേരം കഴിഞ്ഞപ്പോഴാണ് ആ വൃത്തിക്കെട്ടവന്റെ പേര് ഞാൻ ഓർമ്മിച്ചത്.
എന്റെ മാതാപിതാക്കൾ ഇപ്പോൾ എവിടെയാണ് ? ജീവനോടെ ഉണ്ടോ?

സാർ ഇത്രയും മാത്രമാണ് ഞാൻ ഓർമിക്കുന്നത്.ഒരു പെണ്ണിനോട് ഒരിക്കലും ചെയ്യരുതാത്ത പ്രവർത്തികളാണ് അവൻ എന്നോട് ചെയ്തത്.

ഞാൻ ഇനി എന്തുചെയ്യണം? നാടിനും വീടിനും അപമാനമായി ഞാൻഎന്തിനാണ് ജീവിക്കുന്നത് ?.....

# On the seashore

*Vishnupriya*
*X B*



Sunny morning a
naughty boy,playing
on the seashore
with the joy

Hours went our
little naughties
comes on the seashore
for seeing the playful day

Our little naughty boy
take a shell and heard
the noise and he was
more curiosity than ever.

The sound of wind in
the shell makes him
cheerful and his blue
eyes were lightened like a sun

Our little naughty
doing something on
the seashore with
great seriousness.

His father thought
that he was doing
something as
naughty thing.

His father comes near
to his son and begin to
scold his son the father's
eyes were filled with
tears and happiness.

Our little naughty
was saved a small
fish in shell that
comes on the seashore.
And this makes him happy.

His father thought that
'This is the first good
thing that do his son ever......

His father took
him on the shoulder
and he didn't say
nothing. They gone
away from the seashore.

# രക്തസാക്ഷി

ആദിത്യൻ ബി
VIII B



മനുഷ്യത്വത്തിന്റെ അവസാന കണ്ണി.സ്വാതന്ത്ര്യം നേടിയകാലം മഹാ പുരുഷന്മാരുടെ കാലം. പാർട്ടികൊടികൾ വർദ്ധിച്ചകാലം.ഒരു ഇന്ത്യന് തന്റെ ദേശീയ പതാകയോടുള്ള സ്മരണ അവസാനിക്കും കാലം. പാർട്ടിക്കുവേണ്ടിയോ അല്ലാതെയോ മരിക്കുന്നയാൾ രക്തസാക്ഷിയെന്നു പറഞ്ഞിരുന്ന കാലം.

ഈ കാലത്ത് ഒന്നെങ്കിൽ പാർട്ടി അല്ലെങ്കിൽ പണം എന്ന ചിന്തക്കിടയിൽ ഒരാൾ. അയാൾ പാർട്ടി തിരിയാതെ ദേശം മറക്കാതെ ഭാരതത്തെ കാത്തുസൂക്ഷിക്കാൻ പ്രവർത്തിച്ചു.അയാൾക്ക് വിഷമമായി തന്റെ രാജ്യമെന്തേ പാർട്ടിയുടെയും പണത്തിന്റെയും പിറകെ പോകുന്നു.അയാൾ ചിന്തിച്ചു തന്റെ രാജ്യം എങ്ങനെ വികസനത്തിലേക്കും കൂട്ടായ്മയിലേക്കും പോകും.

അദ്ദേഹത്തിന്റെ അച്ഛൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ നേതാവാണ്. അദ്ദേഹത്തെ അച്ഛൻ പാർട്ടിയിലേക്ക് വിളിച്ചു കൊണ്ടേയിരുന്നു. എന്നാൽ അദ്ദേഹം പറഞ്ഞിരുന്നു "ഞാൻ പാർട്ടിയിലെ അംഗമല്ല,മനുഷ്യകുലത്തിലെ ഒരു അംഗമാണ് ... തന്റെ ജീവൻ പാർട്ടിയിലെ സ്വാർത്ഥ ചിന്തക്കുവേണ്ടി കളയാനുള്ളതല്ല . അവന്

പിന്തുണയായി ആരുമില്ലായിരുന്നു.എന്നാൽ അവന്റെ സഹോദരൻ അവന് പ്രോത്സാഹനം നൽകി.പക്ഷെ അവന്റെ സഹോദരനെ അവന്റെ അച്ഛൻ മുമ്പുതന്നെ പാർട്ടിയിൽ ചേർത്തിരുന്നു.അതിനാൽ സഹോദരന് അവന്റെ കൂടെ പ്രവർത്തിക്കാനായില്ല.

ഒരു ദിവസം അവന്റെ അച്ഛന്റെ പാർട്ടിയുടെ ജാഥ വഴിയിലൂടെ പോകുകയായിരുന്നു. ഉറക്കെ മുദ്രാവാക്യം വിളിച്ചുകൊണ്ടായിരുന്നു പാർട്ടിക്കാർ പോയിരുന്നത്.അവൻ ദൂരത്തുനിന്ന് അത് നിരീക്ഷിച്ചു.അവൻ ആ ജാഥയുടെ മുമ്പിൽ ചെന്ന്നിന്ന് പറഞ്ഞു. "ഹേ സഹോദരങ്ങളെ,നിങ്ങളുടെ ജാഥ കടന്നുപോകുന്ന വഴിയിലൂടെ നീളെ മുദ്രാവാക്യം ഇത്ര ഒച്ചത്തിൽ വിളിക്കുന്നത് എന്തിനാണ് "? അപ്പോൾ മുന്നിൽ നിന്ന ഒരാൾ പറഞ്ഞു:"ഞങ്ങളുടെ പാർട്ടിക്ക് പേരും പ്രശസ്തിയും കിട്ടാനാണ്".

അപ്പോൾ അവൻ ചോദിച്ചു:"ഇങ്ങനെ ഒച്ചയുണ്ടാക്കി പോകുന്നതിലൂടെ വീടുകളിൽ ഇരിക്കുന്ന വൃദ്ധർക്കും,നവജാതർക്കും അസ്വസ്ഥതയുണ്ടാകും.അതല്ല വേണ്ടത് ,നിങ്ങൾ പ്രശസ്തിക്കുവേണ്ടി നാടിനെ സേവിക്കുക, അത് നാടിന്റെ വികസനത്തിന് സഹായകമാകും".എന്നാൽ പാർട്ടിക്കാർ അവന്റെ വാക്കുകേൾക്കാതെ ഉറക്കെ മുദ്രാവാക്യം വിളിച്ചുകൊണ്ടേയിരുന്നു.

അവൻ ചിന്തിച്ചുകൊണ്ട് നടന്നു...
പിറ്റേന്ന് അതേ പാർട്ടിയുടെ നേതാവ് പ്രസംഗിക്കുന്നത് കണ്ടുകൊണ്ട് അവൻ നിന്നു. പക്ഷെ പ്രസംഗം കേൾക്കാൻ ഒരു ആസ്വാദ്യതയും, പ്രസംഗത്തിന് ആശയവും ഇല്ലായിരുന്നു. എന്നാൽ ജനങ്ങൾ ആഹ്ലാദത്തിൽ കൈയ്യടിച്ചു. അവന് സംശയമായി.സ്റ്റേജിനു പിന്നിൽ ചെന്നു. അവൻ കണ്ട കാഴ്ചയിതായിരുന്നു. നേതാവ് , കൈയ്യടിച്ച ആളുകൾക്ക് പണം എണ്ണികൊടുക്കുന്നു. രാജ്യം ഇത്രക്ക് അധഃപതിച്ചോ? എന്നോർത്ത് അവൻ തകർന്നുപോയി...........

# അമ്മ തൻ സ്നേഹം



സ്നേഹ സോബി
VIII A

കുഞ്ഞേ  എന്നും നിന്നെ കാണുന്നു ഞാൻ
എൻ ഹൃത്തടത്തിനുള്ളിൽ
ദൂരെ ദൂരെ ഏതു ദിക്കിൽ,എവിടെ മറഞ്ഞു നീ ?
എവിടെ നീ മറഞ്ഞാലും, മറക്കില്ലമ്മ
സ്മൃതികൾ തൻ ഭാണ്ഡം പേറി ഞാനിരിക്കുന്നു
എത്രമേൽ ആശിപ്പൂ ഞാൻ, നീയൊന്നണയാൻ
നിൻ മൊഴികൾ കേൾക്കാൻ കാതോർത്തിരിപ്പൂ ഞാൻ

പാഴ് മരുഭൂമിയിൽ അലയുന്നു ഞാനൊരു ഭ്രാന്തിയെപ്പോൽ
കൂടാരുമില്ല , കൂട്ടിനായി നീയുമില്ലല്ലോ ?
അന്നമില്ലാ,ജലപാനമില്ല നീയില്ലെങ്കിൽ
ഒരു വറ്റിനായി നീ കേഴുന്നതിലെന്നുണ്ടോ ?
അമ്മ തൻ മനം തേങ്ങുന്നു
കൺമണീ എവിടെ മറഞ്ഞു നീ ?
നീയെത്തുന്നിടം നോക്കി വെറുതെ ഞാനിരിക്കുന്നു
നിന്നോർമ്മകൾ തൻ കൂടാരത്തിനുള്ളിൽ
മഴനീർക്കണത്തിൽ വിസ്മയം തീർക്കുന്ന
ജഗദീശ്വരാ, നീ ഈ ദുഃഖം തീർക്കുമോ?

# സുഹൃത്തുക്കൾ

മുഹമ്മദ്ഷാ എസ്
VIII B



ഒരു ഗ്രാമത്തിൽ മൂന്ന് സുഹൃത്തുക്കൾ ഉണ്ടായിരുന്നു . ഏതു പ്രശ്നത്തിലും അവർ ഒന്നായിരുന്നു. അവിടെ ഒരു വേട്ടക്കാരന്റെ പിടിയിലായ മാൻകുഞ്ഞിനെ അവർ രക്ഷിച്ചുകൊണ്ടിരിക്കെ വേട്ടക്കാരൻ വെച്ച കെണിയിൽ ഒരാൾ പെട്ടു.അയാൾ പറഞ്ഞു: 'നിങ്ങൾ വേഗം രക്ഷപെട്ടുകൊള്ളൂ' .അവർ രണ്ടുപേരും അവനെ വിട്ടുപിരിയാൻ തയാറായിരുന്നില്ല. ആ സമയത്ത് വേട്ടക്കാരൻ ഇറങ്ങി വന്നു."ഹഹഹാ" നിങ്ങൾ എന്തിനാണ് ആ മാൻകുട്ടിയെ രക്ഷിക്കാൻ പോയത്. ഇപ്പോൾ നിങ്ങളും കുടുങ്ങിയല്ലോ. ഇനി നിങ്ങളാരും എന്റെ കൈയ്യിൽ നിന്ന് രക്ഷപെടാൻ പോകുന്നില്ല. ആ സമയം അവർ ഒരാലോചനനടത്തി. വേട്ടക്കാരനെ ഒരു കെണിയിൽ പെടുത്താനായിരുന്നു അവരുടെ ബുദ്ധി .അവരുടെ ബുദ്ധി ഉപയോഗിച്ച് വേട്ടക്കാരനെ കെണിയിൽപ്പെടുത്തി. ഇതാണ് ആ സുഹൃത്തുക്കളുടെ ഒത്തൊരുമ. ഇങ്ങനെ നമ്മളും ഒത്തുപിടിച്ചാൽ ഏത് അപകടത്തിൽ നിന്നും രക്ഷപെടും.

# പ്രകൃതി



അഖില ഷാജി
IX B

കാലമാകുന്ന കവിൾത്തടങ്ങളിൽ
നീന്തിതുടിക്കുന്ന അരയന്നക്കൂട്ടങ്ങൾ
ആകാശനീലിമയിൽ വിടർന്നുനിൽക്കുന്ന
മഴവില്ലിനെ പുഞ്ചിരിതൂകി നോക്കിനിൽക്കുമ്പോൾ ..

കാലത്തിന്റെ കിരണങ്ങളേറ്റ് ഇതൾ
വിരിയുന്ന ഓരോ പനിനീർ പുഷ്പങ്ങളും
പകലിന്റെ രാജകുമാരനെ പ്രണയിച്ചുനിൽക്കുമ്പോൾ

ഇളംകാറ്റിന്റെ കുളിരിൽ മയങ്ങി
നിൽക്കുന്ന പച്ചിലകളെ
ചില്ലകൾ തന്റെ കരങ്ങളാൽ ഉണർത്താൻ
കൊതിച്ചുനിൽക്കുമ്പോൾ.....

പച്ചപ്പട്ടുവിരിച്ചതുപോലെ പടർന്നുകിടക്കുന്ന
പാടവരമ്പത്തെ പച്ചപ്പുല്ലുകൾ തൻ
നെറുകയിൽ തൂങ്ങി നിൽക്കുമ്പോൾ
മഞ്ഞിൻത്തുള്ളികൾ മണ്ണിന്റെ ഗന്ധം
ആവാഹിച്ചെടുക്കുമോയെന്ന പേടിയോടെ നിൽക്കുമ്പോൾ....

അനന്തതയുടെ അജ്ഞാത കോണിൽ
നിന്നും മധുരിതമാർന്ന
സ്വരത്തോടെ ആരോ പറഞ്ഞു
"പ്രകൃതി നീ എത്ര മനോഹരീ"........

# മരം ഒരു വരം

അഞ്ജലി ദാസ്
IX A





# പ്രതി



**ഐശ്വര്യ എസ്. പ്രസാദ്**
**IX A**

ഓരോ മഴത്തുള്ളികളും എൻ മേൽ
സ്പർശിക്കവേ ഞാനിതാ
കാണുന്നു എൻ പൈശാചിക ശക്തിയേ
തേങ്ങികരയുന്ന പിഞ്ചുപൈതങ്ങളെ

ക്രൂരതയേറിയ എൻ കൈകളാൽ
പിഴുതെറിഞ്ഞ കുറേ ജീവിതങ്ങൾ
അമ്മയുടെ മാതൃത്വമേറിയ
കരങ്ങൾ ഇന്നിതാ എന്നേ ഉപേക്ഷിക്കവേ

ഇരുമ്പഴികൾക്കിടയിലൂടെ എന്റെ
മിഴികൾ നിന്നെ നോക്കി നിൽക്കവേ
കണ്ണീർ മണികൾ എൻ കണ്ണിൽ
നിന്നും ഞാനറിയാതെ പൊഴിയുന്നു

ആർക്കുവേണ്ടി എന്റെ ജീവിതം
എന്ന് ഞാൻ ഒരുനിമിഷം
ചിന്തിച്ചുപോകുന്നു ക്ഷമാപണം
അഭ്യർത്ഥിക്കാൻ എന്റെ നാവ് ചലിക്കുന്നില്ല

ഈ പഴുതിലൂടെ ഞാൻ കാണുന്നു
നിന്റെ മിഴികളിൽ നിറയും വേദന
എന്തിനീ ജീവിതം
എന്തിനീ ജീവിതം

ഒരു മൃതദേഹം എന്നപ്പോലെ
ഞാൻ ആ ഇരിമ്പുകമ്പികൾക്കിടയിൽ
തറച്ച നിൽക്കുന്നു വേദനയാഴ്ന്ന
ഈ ഹൃദയം കറുപ്പ് നിറമായിരിന്നു

ഇരുളിന്റെ മറവിൽ ഞാൻ ചെയ്ത
പ്രവർത്തികൾ എന്നെ
ഇരുളേറിയ ലോകത്തിലേക്ക്
തള്ളി താഴ്ത്തിയിരുന്നു

എൻ മിഴികളും എന്നോട്
കളമൊഴിച്ചൊല്ലി.. ഒന്നും
കാണാനാവാതെ ഇരുളേറിയ
ആ ലോകത്ത് ഞാൻ ഏകനായി

ഈ ഇരുളേറിയ മിഴികൾ
എന്തിന് ഇനി എനിക്ക്
അവരുടെ കണ്ണുനീരിന് പകരം
ഒന്നുമില്ല എന്റെ കയ്യിൽ.......

# നന്ദിയുടെ നറുമലരുകൾ !!!!...

*വിവരസാങ്കേതിക വിദ്യയിലൂടെ തത്തംപള്ളി സെന്റ് മൈക്കിൾസ് ഹൈസ്കൂളിലെ "ലിറ്റിൽ കൈറ്റ്സ് " ആദ്യ മാഗസിൻ പൂർത്തിയാക്കിയിരിക്കുന്നു. കുട്ടികളുടെ ഭാവനയുണർത്തുന്ന സാഹിത്യരചനകളുടെ പ്രകാശനമാണ് 'ജാലകം'...*

*ഈ യത്നത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരും പ്രശംസ അർഹിക്കുന്നു. ഇതിലേക്ക് സാഹിത്യകൃതികൾ സംഭാവന ചെയ്തവരെയും മറ്റ് പിന്തുണ നൽകിയവരെയും നന്ദിയോടെ സ്മരിക്കുന്നു......*